# പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി X

## (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

**(FOREST, ENVIRONMENT AND TOURISM)**

## പീരിയോഡിക്കൽ റിപ്പോർട്ട്

(2012 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2012 ജൂൺ 28-ാം തീയതി സമർപ്പിച്ചത്

(Presented on 28th June 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി X

# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (FOREST, ENVIRONMENT AND TOURISM)

### പീരിയോഡിക്കൽ റിപ്പോർട്ട്

(2012 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31ST MARCH 2012)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

449/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 14 |

# സബ്ജക്റ്റ് കമ്മിറ്റി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
(2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. കെ. ബി. ഗണേഷ് കുമാർ,

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. എ. പി. അനിൽ കുമാർ,
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. അജിത്

,, ബി. ഡി. ദേവസ്സി

,, ഹൈബി ഈഡൻ

,, മോൻസ് ജോസഫ്

,, എസ്. രാജേന്ദ്രൻ

,, രാജു എബ്രഹാം

,, ബി. സത്യൻ

,, കെ. എം. ഷാജി

,, സണ്ണി ജോസഫ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി കെ. ലൈലാ ബീവി, അഡീഷണൽ സെക്രട്ടറി

,, കെ. രാധാമണി, അണ്ടർ സെക്രട്ടറി.

## അവതാരിക

വനം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നിവ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി X-ന്റെ 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 28-6-2011-ന് രൂപീകൃതമായ 2011-13 കാലയളവിലേക്കുള്ള സബ്ജക്റ്റ് കമ്മിറ്റി X-ന്റെ 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 14-7-2011, 1-8-2011, 10-8-2011, 24-8-2011, 27-10-2011, 24-1-2012 എന്നീ തീയതികളിലായി സമിതി 6 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 3 യോഗങ്ങൾ 2011-2012 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചും ശേഷിച്ചവ സമിതിയുടെ പരിധിയിൽ വരുന്ന മറ്റ് വിഷയങ്ങൾ പരിഗണിക്കുന്നതിനും വേണ്ടിയായിരുന്നു. 24-1-2012-ൽ കൂടിയ യോഗം വനം വകുപ്പിന്റെ കീഴിലുള്ള ജൈവവൈവിധ്യ സംരക്ഷണം എക്സ്റ്റൻഷൻ ഫോറസ്ട്രി തുടങ്ങിയ സ്കീമുകളെ സംബന്ധിച്ചും വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള സപര്യ, ഡി.എം.സി. പദ്ധതികളുടെ നടപ്പാക്കലിനെ സംബന്ധിച്ചും ചർച്ച ചെയ്യുകയുണ്ടായി. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ഹാജർനില 67% ആയിരുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് റിപ്പോർട്ട് കാലയളവിൽ സമിതി പരിശോധിച്ച ധനാഭ്യർത്ഥനകളുടെ വിവരങ്ങളും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും രണ്ടാംഭാഗത്തിൽ സമിതി പരിഗണിച്ച ചട്ടങ്ങളുടെ വിവരങ്ങളും ഉൾകൊള്ളിച്ചിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2012 മേയ് 9-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. ബി. ഗണേഷ് കുമാർ,

*ചെയർമാൻ,*

*സബ്ജക്റ്റ് കമ്മിറ്റി X.*

തിരുവനന്തപുരം,

2012 മേയ് 9.

# റിപ്പോർട്ട്

**ഭാഗം 1**

സമിതി 2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെ പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുകയും പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന സമിതിയുടെ ഒന്നാമത് റിപ്പോർട്ട് 2011 സെപ്റ്റംബർ മാസം 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ | XVII— | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം, മേജർ ഹെഡ് 3435-എ ക്കോളജിയും എൻവയോൺമെന്റും. |
| ധനാഭ്യർത്ഥന നമ്പർ | XX— | ശുദ്ധജലവിതരണവും ശുചീകരണവും മേജർ ഹെഡ്-2215, 106-വായു ജലമലിനീകരണം തടയൽ 190 (98) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്. |
| ധനാഭ്യർത്ഥന നമ്പർ | XXXIV— | വനം |
| ധനാഭ്യർത്ഥന നമ്പർ | XLII— | വിനോദസഞ്ചാരം |

സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും 27-10-2011-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളും അവ നടപ്പിലാക്കിയതു സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും ചുവടെ ചേർക്കുന്നു;

## രണ്ടാമത് റിപ്പോർട്ട് (2002-2003)

### ശുപാർശ

സംസ്ഥാനത്തെ വൈവിദ്ധ്യമാർന്ന വനസമ്പത്ത് സംരക്ഷിക്കുന്നതിനും പരിസ്ഥിതിയുടെ സന്തുലിത പരിപാലനത്തിനും പ്രകൃതിദത്ത വനങ്ങൾ പരിപാലിച്ച് കാത്തുസൂക്ഷിക്കേണ്ടതാവശ്യമാണ്. സംസ്ഥാനത്തെ വനങ്ങളിൽ നിന്നും നല്ലൊരു തുക വരുമാനമായി പൊതു ഖജനാവിലേക്ക് ലഭിക്കുന്നുണ്ടെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു. ഈ വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം സ്വാഭാവിക വനസംരക്ഷണത്തിനായി വിനിയോഗിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ വനങ്ങൾക്ക് ഭീഷണി ഉയർത്തുന്ന കാട്ടുതീ, അനധികൃത കാലിമേയ്ക്കൽ, മരം വെട്ടൽ, വിറക് ശേഖരണം, വേട്ടയാടൽ എന്നിവയിൽ നിന്നുള്ള സംരക്ഷണത്തിനായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി കരുതുന്നു. ആയതിനായി ഇതിലേക്ക് 50 ലക്ഷം രൂപ അധികമായി ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

തനതു വർഷത്തെ പ്രവർത്തനങ്ങൾക്ക് പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരുന്ന 305 ലക്ഷം രൂപ മതിയായി വന്നതിനാൽ അധിക തുക കണ്ടെത്തേണ്ട ആവശ്യമുണ്ടായിട്ടില്ല.

ശുപാർശ

വനാതിർത്തി ഏകീകരണ പരിപാടിയിൽ ജണ്ഡകൾ, കയ്യാലകൾ, ബെൽറ്റ് പ്ലാന്ററിംഗ് മുതലായ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2406-01-101-96 ഫയർ പ്രൊട്ടക്ഷൻ എന്ന ശീർഷകത്തിലാണ് തുക വകയിരുത്തിയിരിക്കുന്നത്. ഈ തുക 2406-01-800-99 എന്ന ശീർഷകത്തിലേക്ക് മാറ്റണമെന്നും ഇതിനുവേണ്ടി നീക്കി വച്ചിട്ടുള്ള 155 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ വനാതിർത്തി സർവ്വേ നടത്തുന്നതിനോടൊപ്പം വനഭൂമി നഷ്ടപ്പെടാതിരിക്കുന്നതിന് നിലവിലുള്ള വനഭൂമി അടിയന്തിരമായി അതിർത്തി തിരിച്ച് ജണ്ടയിടണമെന്നും 1-1-1977-നുശേഷം അനധികൃതമായി വനഭൂമി കൈയ്യേറിയവരെ ഒഴിപ്പിക്കാൻവേണ്ട നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ ജണ്ടകൾ, കയ്യാലകൾ, ബെൽറ്റ് പ്ലാന്ററിംഗ് മുതലായവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2406-01-101-96 ഫയർ പ്രൊട്ടക്ഷൻ എന്ന ശീർഷകത്തിൽ തെറ്റായി അനുവദിച്ച 155 ലക്ഷം രൂപ 2406-01-800-99 വനാതിർത്തികളുടെ സർവ്വേ എന്ന ശീർഷകത്തിലേക്ക് ധനപുനർവിനിയോഗംവഴി മാറ്റിയിട്ടുണ്ടായിരുന്നു. പ്രതീക്ഷിച്ചതുപോലുള്ള ചെലവ് 2002-2003 വർഷം ഉണ്ടാകാത്തതിനാൽ അധിക തുക കണ്ടെത്തുവാൻ നടപടി സ്വീകരിച്ചിരുന്നില്ല. നിലവിലുള്ള വനഭൂമി അതിർത്തി തിരിച്ച് ജണ്ടയിടുന്നതുമായി ബന്ധപ്പെട്ട് 2.13 ലക്ഷം സ്ഥിരം ജണ്ടകളും 966 കി.മീ. കയ്യാലയും ഇതിനകം നിർമ്മിച്ചിട്ടുണ്ട്. വനഭൂമി നഷ്ടപ്പെടാതിരിക്കുന്നതിന് വനാതിർത്തി സർവ്വേ നടത്തി നിലവിലുള്ള വനഭൂമി അതിർത്തി തിരിച്ച് ജണ്ടയിടുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നുണ്ട്. 1-1-1977-നുശേഷം അനധികൃതമായി വനഭൂമി കൈയ്യേറിയവരെ ഒഴിപ്പിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## നാലാമത് റിപ്പോർട്ട് (2004-2005)

ശുപാർശ

കണ്ണൂർ ജില്ലയിലെ അയ്യംകുന്ന്, പാലക്കാട് ജില്ലയിലെ അഗളി പഞ്ചായത്തിലെ കുറുക്കൻകുണ്ട്, വട്ടപ്പാറ എന്നീ സ്ഥലങ്ങളിൽ സർവ്വേ പൂർത്തീകരിക്കുന്നതിന് എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

സർവ്വേ വകുപ്പിൽ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ആരംഭിച്ച ഭൂമി കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളും മൂന്നുവർഷ സമയപരിധിക്കുള്ളിൽ റീസർവ്വേ പൂർത്തിയാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതുപ്രകാരം കണ്ണൂർ ജില്ലയിലെ അയ്യംകുന്ന് വില്ലേജും ഭൂമി കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി റീസർവ്വേ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടുപയോഗിച്ചുള്ള ഒരു സ്പെഷ്യൽ സർവ്വേയാണ് പ്ലാൻ സ്കീം സർവ്വേ. പാലക്കാട് ജില്ലയിലെ അഗളി വില്ലേജ് ഉൾപ്പെടെയുള്ള 7 വില്ലേജുകളിൽ പ്ലാൻ സ്കീം സർവ്വേ പ്രകാരം തയ്യാറാക്കിയ വില്ലേജുകളുടെ റെക്കാർഡുകൾ നാളതീകരണം നടത്തുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്.

## ഒന്നാമത് റിപ്പോർട്ട് (2006-2007)

<u>ശുപാർശ</u>

**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**

കഴിഞ്ഞ 30 വർഷമായി ഈ സ്ഥാപനത്തിന് കെട്ടിടമില്ലാത്ത അവസ്ഥയാണ് ഉള്ളതെന്നും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 25 സെന്റ് സ്ഥലം ടി.ബി. സെന്ററിന്റെ പുറകിൽ അനുവദിക്കാൻ തീരുമാനിച്ചിരുന്നുവെങ്കിലും ആയത് പ്രാവർത്തികമായിട്ടില്ലെന്ന് സമിതിയിൽ വ്യക്തമാക്കപ്പെട്ടു. ആയതിനാൽ മലനീകരണ നിയന്ത്രണ ബോർഡിന് കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഹെഡ് ഓഫീസ് പണിയുന്നതിനായി ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പുലയനാർകോട്ടയിൽ ആദ്യം അനുവദിക്കാമെന്നു പറഞ്ഞ സ്ഥലത്തിനുപകരം ലഭ്യമാക്കിയ സ്ഥലം ബോർഡ് ഓഫീസിന് അനുയോജ്യമല്ലായെന്നു കണ്ടുവെന്നും തുടർന്ന് കുടപ്പനക്കുന്ന് പഞ്ചായത്ത് ഓഫീസിൽ നിന്ന് 200 മീറ്റർ മാറി സർക്കാരിന്റെ മിച്ചഭൂമി ഉള്ളതായി അറിഞ്ഞതിനെത്തുടർന്ന് ഇതിൽ നിന്ന് ബോർഡിന് സ്ഥലം അനുവദിക്കണമെന്ന് റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചുവെന്നും എന്നാൽ ഈ സ്ഥലം ഭൂരഹിതർക്ക് സർക്കാർ നൽകി കഴിഞ്ഞെന്നും അവിടെ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞെന്നുമാണ് പിന്നീട് അറിയാൻ കഴിഞ്ഞതെന്നും അതിനെ തുടർന്ന് ട്രിഡ സെക്രട്ടറിയോട് ബോർഡിന് സ്ഥലം കണ്ടെത്തി തരാൻ അഭ്യർത്ഥിച്ചുവെന്നും ഇതിന് മറുപടിയൊന്നും ലഭിച്ചില്ലായെന്നും മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടവും കണ്ടെത്തുന്നതിന് പ്രാധാന്യം നൽകുന്നതിനാൽ പത്രങ്ങളിൽ പരസ്യം ചെയ്ത് ഓഫറുകൾ സ്വീകരിക്കാനും അത് പരിശോധിക്കാൻ ബോർഡംഗങ്ങൾ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കാനും 18-12-2009-ൽ

ചേർന്ന ബോർഡ് മീറ്റിംഗിൽ തീരുമാനിച്ചുവെന്നും മൂല്യനിർണ്ണയം നടത്താൻ സർവ്വേയറുടെ സേവനം ഏർപ്പെടുത്താൻ തീരുമാനമായിട്ടുണ്ടെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്. സ്ഥലം കണ്ടെത്താനുള്ള നടപടിയെടുക്കുന്നതിന്റെ ഭാഗമായി പത്ര മാദ്ധ്യമങ്ങളിൽ പരസ്യം നൽകിയിട്ടുണ്ടെന്നും ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## രണ്ടാമത് റിപ്പോർട്ട് (2007-2008)

### ശുപാർശ

2406-01-110-93—പെരിയാർ കടുവ സംരക്ഷണ കേന്ദ്രം

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന 76 ജീവനക്കാരുടെ ശമ്പളം, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവയ്ക്കായി വകയിരുത്തിയിരുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ഇനത്തിൽ 40 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

### സ്വീകരിച്ച നടപടി

പെരിയാർ കടുവ സംരക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായുള്ള ജീവനക്കാരുടെ ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി വേണ്ടിവന്ന അധിക തുക ധനപുനർവിനിയോഗംവഴി കണ്ടെത്തിയിട്ടുണ്ട്.

### ശുപാർശ

2406-01-800-74—മോണിറ്ററിംഗും ഇവാല്യുവേഷനും

വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം വിവിധ പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിനും വിലയിരുത്തലിനുമായുള്ള ചെലവുകൾ നിർവ്വഹിക്കുന്നത് ഈ ഇനത്തിൽ അനുവദിക്കുന്ന വിഹിതം ഉപയോഗിച്ചാണ്. എന്നാൽ ഈ സാമ്പത്തിക വർഷം ഈ ഇനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. കഴിഞ്ഞവർഷം ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിരുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ ആവശ്യമായ ഫണ്ടിന്റെ അഭാവം വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്ന് സമിതി കരുതുന്നു. ആയതിനാൽ ഈ ചെലവിലേക്കായി 30 ലക്ഷം രൂപ പദ്ധതിയിനത്തിൽ ബന്ധപ്പെട്ട ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

### സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷത്തിൽ "2406-01-800-74 മോണിട്ടറിംഗ് ആന്റ് ഇവാല്യുവേഷൻ" എന്ന ശീർഷകത്തിൽ തുക അനുവദിക്കാത്ത സാഹചര്യത്തിൽ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിന്റെ വിവിധ പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിനും വിലയിരുത്തലിനുമായുള്ള ചെലവുകൾ വഹിക്കുന്നതിന് മറ്റ്

ശീർഷകങ്ങളിൽ ലഭ്യമായ ഫണ്ട് വിനിയോഗിച്ചതിനാൽ കമ്മിറ്റി ശുപാർശ പ്രകാരം അധിക തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചില്ല.

ശുപാർശ

വനം വകുപ്പിന് കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ ഇക്കൊല്ലം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന ആകെ തുക കുറവാണെന്നു സമിതി മനസ്സിലാക്കുന്നു. പല ഹെഡ്ഡുകളിലും കഴിഞ്ഞ വർഷത്തെ തുക പോലും വകയിരുത്തിയിട്ടില്ല. പരിസ്ഥിതി സംരക്ഷണത്തിന്റെയും വനസംരക്ഷണത്തിന്റെയും പ്രാധാന്യം എടുത്തു പറയേണ്ടതില്ല. ആകയാൽ വനം വകുപ്പിന് അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതം കുറയാതിരിക്കുന്നതിന് സർക്കാർ പ്രത്യേക മുൻഗണന നൽകണമെന്ന് സമിതി ശുപാർശ് ചെയ്യുന്നു.

(ഖണ്ഡിക 108)

സ്വീകരിച്ച നടപടി

ആയത് പ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## മൂന്നാമത് റിപ്പോർട്ട് (2008-2009)

ശുപാർശ

സംസ്ഥാനത്ത് വൻതോതിൽ വരുമാനം നേടിത്തരുന്നതും അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഒരു തൊഴിൽദാന മേഖലയുമായ ടൂറിസം വകുപ്പിന് അർഹിക്കുന്ന പ്രാധാന്യം നൽകി ആവശ്യമായ തുക വകയിരുത്താത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. ഈ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മതിയായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സ്വീകരിച്ച നടപടി

ടൂറിസം മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മതിയായ തുക അനുവദിക്കണമെന്നുള്ള സമിതിയുടെ ശുപാർശയെ ടൂറിസം വകുപ്പ് പിന്താങ്ങുന്നു.

ശുപാർശ

ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് അനന്തസാദ്ധ്യതയുള്ള മലബാർ മേഖലയുടെ സമഗ്രവികസനം സാധിതപ്രായമാക്കാൻ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഇതിനായി മതിയായ തുക അടിയന്തിരമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സ്വീകരിച്ച നടപടി

3252-80-800-52 എന്ന ഹെഡിൽ മലബാർ പ്രദേശത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനായി അവസാനം വന്ന സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിൽ (ജൂലൈ 8) 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

വ്യവസായ വാണിജ്യ വകുപ്പ്, തദ്ദേശ, സാംസ്കാരിക, നികുതി വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് നടത്തിയ നൂതന ഷോപ്പിംഗ് ഫെസ്റ്റിവൽ വൻവിജയമായിരുന്നു. ഈ കാലയളവിൽ സംസ്ഥാന നികുതി വരുമാനത്തിൽ വൻവർദ്ധനയുണ്ടായതായി വിലയിരുത്തുന്നു. എന്നാൽ ഇതിലേക്കായി നടപ്പു സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 50 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സ്വീകരിച്ച നടപടി

3452-80-800-54 എന്ന ഹെഡ്ഡിൽ കേരള ഷോപ്പിംഗ് ഫെസ്റ്റിവെല്ലിനായി അവസാനം വന്ന സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിൽ (ജൂലൈ 2008) 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് ഷോപ്പിംഗ് ഫെസ്റ്റിവൽ ഫലപ്രദമായി സംഘടിപ്പിക്കാൻ നടപടി എടുത്തുവരുന്നു.

ശുപാർശ

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനം, ഇൻഫർമേഷൻ സെന്റർ, ഗുണമേന്മയേറിയ ടോയ്‌ലെറ്റുകളും, ഡോർമിറ്ററികൾ, പാർക്കിംഗ് സംവിധാനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ആകർഷണീയമാക്കുന്നതിനായി അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്ത മായതിനാൽ 5 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സ്വീകരിച്ച നടപടി

3452-80-800-90 (26) എന്ന ഹെഡ്ഡിൽ നിന്നും സബ്സിഡിയും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി 14 കോടിയോളം രൂപ വകുപ്പ് കുടിശ്ശികയായി നൽകാനുള്ളതും ആയത് ഉൾക്കൊള്ളിച്ചുകൊണ്ട് 2009-10 വർഷത്തെ ബഡ്ജറ്റിലേക്ക് 1900 ലക്ഷം രൂപ വകയിരുത്തണമെന്നും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ശുപാർശ

ടൂറിസവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളെ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ആധുനികവൽക്കരിക്കുന്നതിനും വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുമാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. ആയത് തീരെ അപര്യാപ്തമായതിനാൽ 15 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

<u>സ്വീകരിച്ച നടപടി</u>

3452-80-800-97-ൽ ഉള്ള തുക ഈ വർഷം അപര്യാപ്തമായതിനാൽ റീ അപ്രോപ്രിയേഷൻവഴി 10 ലക്ഷം രൂപ മാറ്റുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും കൂടാതെ 2009-10 വർഷത്തെ ബഡ്ജറ്റിലേക്ക് 100 ലക്ഷം രൂപ അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

## അഞ്ചാമത് റിപ്പോർട്ട് (2010-2011)

<u>ശുപാർശ</u>

4406-01-800-88—<u>വനസംരക്ഷണം</u>

ഈ ശീർഷകത്തിൽ വർഷംതോറും നടപ്പിലാക്കുന്ന പദ്ധതികൾക്കുപുറമേ പുതിയതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുക, 50 ചെക്ക് ഡാമുകൾ സ്ഥാപിക്കുക, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി 4 ജീപ്പ് വാങ്ങുക എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വനസംരക്ഷണത്തിനും വന്യമൃഗ വേട്ടക്കാർക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കും കൂടുതൽ സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഇവ നടപ്പിലാക്കുന്നതിന് ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

<u>സ്വീകരിച്ച നടപടി</u>

4406-01-800-88—വനസംരക്ഷണം (പ്ലാൻ) എന്ന ബഡ്ജറ്റ് ഹെഡ്ഡിൽ പ്രാഥമികമായി വകയിരുത്തിയ 404 ലക്ഷം രൂപയ്ക്ക് പുറമേ 68 ലക്ഷം രൂപ കൂടി അനുവദിച്ച് വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

<u>ശുപാർശ</u>

<u>13-ാം ധനകാര്യ കമ്മീഷൻ അവാർഡിൻകീഴിലുള്ള മുൻഗണനാ പദ്ധതി</u>

13-ാം ധനകാര്യ കമ്മീഷൻ ശുപാർശയനുസരിച്ച് കേരള വനം വകുപ്പിന് 1694 ലക്ഷം രൂപയാണ് ശുപാർശ ചെയ്തിട്ടുള്ളത്. എന്നാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ 500 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. കേന്ദ്ര സർക്കാരിൽ നിന്നും തുക ലഭിക്കുന്ന മുറയ്ക്ക് ചെലവാക്കുന്നതിനായി 994 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

<u>സ്വീകരിച്ച നടപടി</u>

2406-01-101-84—13-ാം ധനകാര്യ കമ്മീഷൻ അവാർഡിൻകീഴിലുള്ള മുൻഗണനാപദ്ധതി ടി ബഡ്ജറ്റ് ഹെഡ്ഡിൽ പ്രാഥമികമായി വകയിരുത്തിയ 500 ലക്ഷം രൂപയ്ക്ക് പുറമേ 700 ലക്ഷം (300+400) രൂപ കൂടി അനുവദിച്ച് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ശുപാർശ

ഇപ്പോൾ നടന്നുവരുന്ന ഹരിത കേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ മുതലായ പദ്ധതികളുടെ നടത്തിപ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. കൂടാതെ 9 ജില്ലകളിലായുള്ള 9 സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളുടെ സാമൂഹ്യ വനവൽക്കരണ പരിപാടി പ്രവർത്തനങ്ങൾക്കായി 9 ജീപ്പുകൾ അനുവദിക്കുന്നതിലേക്ക് 40 ലക്ഷം രൂപയും വഴിയോരത്തണൽ പദ്ധതി പ്രകാരം നട്ടുവളർത്തുന്ന തൈകൾക്ക് വേനൽക്കാലത്ത് വെള്ളം ഒഴിക്കുന്നതിനുവേണ്ടി ജീപ്പുകളിൽ ഘടിപ്പിക്കാൻ ആവശ്യമായ 14 ട്രൈലറുകൾ വാങ്ങുന്നതിനുവേണ്ടി 10 ലക്ഷം രൂപയും ഉൾപ്പെടെ 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സ്വീകരിച്ച നടപടികൾ

സാമൂഹ്യ വനവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്ന 2406-01-800-98-34—OCFP (പ്ലാൻ) എന്ന BH-ൽ 2010-11 വർഷത്തേക്ക് 525 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

14 സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളിലും ഇപ്പോൾ ജീപ്പ് ഉണ്ട്. ട്രെയിലർ വാങ്ങുന്നതിന് ആവശ്യമായ നടപടികൾ എടുത്തുവരുന്നു.

ശുപാർശ

ഹരിതകേരളം പദ്ധതിയുടെ കീഴിൽ നടത്തുന്ന സാമൂഹ്യ വനവൽക്കരണ പ്രവർത്തനങ്ങൾ കൂടാതെ ഈ പദ്ധതിയിലൂടെ അടുത്ത വർഷത്തിൽ 60 ലക്ഷം തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യാൻ ആവശ്യമായ തൈകളുടെ നഴ്സറി പ്രവർത്തനങ്ങൾ ഈ വർഷംതന്നെ ആരംഭിക്കേണ്ടതിനാലും ഉല്പാദിപ്പിക്കുവാനുദ്ദേശിക്കുന്ന കൂടതൈ ഒന്നിന് ഏകദേശം 4 രൂപയോളം ഈ സാമ്പത്തിക വർഷത്തിൽ ചെലവ് പ്രതീക്ഷിക്കുന്നതിനാലും എക്സ്റ്റൻഷൻ ഫോറസ്ട്രി ശീർഷകത്തിൽ 240 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സ്വീകരിച്ച നടപടി

ഹരിതകേരളം പദ്ധതിക്ക് ആവശ്യമായ തൈകൾ ഉൽപാദിപ്പിക്കുന്നതിനുവേണ്ട അധികം തുക 2009-10 വർഷം അനുവദിച്ചിരുന്നു. 60 ലക്ഷം തൈകൾ വനം വകുപ്പ് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്.

ശുപാർശ

4406-01-070-99—റോഡുകൾ

വനത്തിനുള്ളിലുള്ള 4000-ത്തോളം കിലോമീറ്റർ റോഡുകൾ വാഹന ഗതാഗതയോഗ്യമാക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി ബഡ്ജറ്റിൽ

വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

സ്വീകരിച്ച നടപടി

പദ്ധതി നടപ്പിലാക്കിയതിൽ 4406-01-070-99—റോഡ് എന്ന ശീർഷകത്തിൽ പ്രാഥമിക ബഡ്ജറ്റ് വിഹിതമായ 100 ലക്ഷം രൂപയ്ക്ക് പുറമേ 82.50 ലക്ഷം രൂപ കൂടി അനുവദിച്ച് വനത്തിലെ റോഡുകളുടെ പരിപാലനം നിർവ്വഹിച്ചിട്ടുണ്ട്.

ശുപാർശ

2406-01-070-97—കെട്ടിടങ്ങൾ

സംരക്ഷണ ജീവനക്കാർക്കുള്ള താമസസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പുറമേ ഇടപ്പള്ളിയിൽ ഒരു പുതിയ ഫോറസ്റ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിനും കാസർഗോഡുള്ള ഫോറസ്റ്റ് കോംപ്ലക്സ് പുതുക്കി പണിയുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായ 225 ലക്ഷം രൂപയ്ക്ക് പദ്ധതി നടപ്പിലാക്കിയതിൽ കൂടുതൽ തുക ആവശ്യമായിവന്നില്ല.

ശുപാർശ

ഈ ഇനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ 80 ലക്ഷം രൂപ കാവുകളുടെ സംരക്ഷണത്തിനും 40 ലക്ഷം രൂപ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുമായി പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. ബാക്കി തുക പ്രതിവർഷം നടപ്പിലാക്കിവരുന്ന പദ്ധതികളായ വന്യജീവി ഗവേഷണം, വന്യജീവി വാരാഘോഷം, ദേശാടന പക്ഷികളുടെ സംരക്ഷണം, പ്രത്യേക ആവാസവ്യവസ്ഥകളുടെ പുനരുദ്ധാരണം മുതലായവ നടപ്പിലാക്കുന്നതിന് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സ്വീകരിച്ച നടപടി

കണ്ടൽക്കാട് സംരക്ഷണം

കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനായി 2010-11 വർഷം കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി ഫണ്ടിൽ (100% പ്ലാൻ സ്കീം) കണ്ടൽ വനങ്ങളുടെ സംരക്ഷണവും അവ നിലനിർത്തുന്നതിന്റെ ഭാഗമായി കണ്ടൽച്ചെടികളുടെ

ഉൽപ്പാദനം, കണ്ടൽ ചെടികൾ നട്ടുപിടിപ്പിക്കുക, കണ്ടൽ സംരക്ഷണ പ്രവർത്തനങ്ങൾ, കണ്ടൽ അനുബന്ധ പ്രദേശങ്ങളിലെ ഗ്രാമവാസികൾക്കായി ക്ഷേമപ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തുകൾ മുഖേനയുള്ള കണ്ടൽച്ചെടിയുടെ വിതരണം, കണ്ടൽക്കാടുകളുടെ സമീപ പ്രദേശത്തെയും ജലാശയങ്ങളിലെയും മാലിന്യനിർമ്മാർജ്ജനം തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നതിന് കേരള സർക്കാർ 45 ലക്ഷം രൂപയുടെ ഭരണാനുമതി BH 2406-02-110-68-34 (P)-ൽ നൽകിയിരുന്നു. ആയത് പ്രസ്തുത സ്കീമിൽ നടപ്പാക്കുന്നതിന് 39.20 ലക്ഷം രൂപ നൽകി. ഈ സ്കീമിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ആണ് നടപ്പിലാക്കുന്നത്:

(1) Entry Point Activities ;

(2) Regeneration Activities ;

(3) Incentives to mangrove owners ;

(4) Extension and awareness activities.

അതിൽ കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനായി 19 കണ്ടൽ ഉടമസ്ഥർക്ക് 51,840 രൂപ സാമ്പത്തിക സഹായം നൽകി.

കണ്ടൽ വനങ്ങൾ വെട്ടിനശിപ്പിച്ചവർക്കെതിരെ മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽ 6 ഒ. ആർ. കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കാവ് സംരക്ഷണം

കാവുകളുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യം ഉൾക്കൊണ്ട് അവയുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി സാങ്കേതിക-സാമ്പത്തിക സഹായം ലഭ്യമാക്കുന്ന ഒരു പദ്ധതി സംസ്ഥാന വനം വകുപ്പ് നടപ്പിലാക്കി. ആയതിലേക്ക് കേന്ദ്രത്തിൽ നിന്നും കഴിഞ്ഞ വർഷം 13.20 ലക്ഷം രൂപയും സംസ്ഥാന സർക്കാരിൽ നിന്ന് 70 ലക്ഷം രൂപയുടെ (2010-11) ഭരണാനുമതിയും ലഭിച്ചു. [ജി.ഒ. (ആർറ്റി.) 402/10/വനം തീയതി 14-9-2010]. 2009-10 വർഷം കേന്ദ്ര സർക്കാരിന്റെ സ്കീമിൽ കൂടുതൽ വിസ്തൃതിയുള്ളതും, ജൈവ വൈവിദ്ധ്യമുള്ളതുമായ 28 കാവുകൾ ഓരോ ജില്ലയിൽ നിന്നും വിദഗ്ദ്ധ സമിതി തെരഞ്ഞെടുത്ത് സർക്കാരിൽ സമർപ്പിക്കുകയും സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ച കാവുടമകൾക്ക് ആയതിന്റെ പരിപാലനത്തിനായി ധനസഹായം നൽകുകയും ചെയ്തു. തുടർന്ന് കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിലേക്കായി തെരഞ്ഞെടുക്കപ്പെട്ട 28 കാവുകളുടെ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2010-11 വർഷത്തെ കാവ് സംരക്ഷണത്തിന് കേരള സരക്കാരിൽ നിന്നും ലഭിച്ച 70 ലക്ഷം രൂപയുടെ പദ്ധതികളിൽ പ്രധാനമായും താഴെപ്പറയുന്നവയാണ് നടപ്പിലാക്കുന്നത്:

(1) Documentation of Flora and Fauna of selected sacred groves and preparation of micro plan/projects.

(2) Habitat improvement works.

(3) Awareness creation.

(4) Protection including Fencing.

കേരളത്തിലെ കാവ് സംരക്ഷണത്തിന്റെ നടപടികൾ സ്വീകരിക്കുന്നതിന് നിയോഗിച്ചിട്ടുള്ളത് ഒരോ ജില്ലയിലെയും വനം വകുപ്പിന്റെ സാമൂഹ്യവനവത്ക്കരണം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരെയാണ്. മേൽ ഓഫീസുകളിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശുപാർശ

കുടിയേറ്റ വനഭൂമിയിന്മേൽ തീറാധാരം നൽകുന്നതിന് പകരമായുള്ള വനവൽക്കരണം സോഷ്യൽ ഫോറസ്ട്രി വിഭാഗമാണ് നടത്തിവരുന്നത്. കൂടാതെ എന്റെ മരം, വഴിയോരത്തണൽ, നമ്മുടെ മരം, ഹരിത തീരം, ഹരിത കേരളം തുടങ്ങിയ പദ്ധതികളും നേരത്തെ തുടങ്ങിവച്ച പദ്ധതികളുടെ സംരക്ഷണവും ഈ വിഭാഗമാണ് നടത്തിവരുന്നത്. 450-ഓളം സ്ഥിരം ജീവനക്കാർ ഈ വിഭാഗത്തിൽ ജോലി നോക്കിവരുന്നു. ഈ പദ്ധതികൾ വിജയകരമായി നടത്തുന്നതിന് സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ തുടർന്നുള്ള പ്രവർത്തനം അനിവാര്യമാണ്. ഈ വിഭാഗത്തിലെ ജീവനക്കാർക്ക് 2001 മുതൽ തുടർച്ചാനുമതി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവ്, വാഹനങ്ങളുടെ ചെലവ് എന്നിവയ്ക്കായി 700 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സ്വീകരിച്ച നടപടി

സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിലെ ജീവനക്കാർക്ക് ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവ്, വാഹനങ്ങളുടെ ചെലവ് എന്നിവയ്ക്ക് മതിയായ തുക ലഭിച്ചു വരുന്നു.

ശുപാർശ

പരിസ്ഥിതി വികസനം(ലോകബാങ്ക് സഹായമുള്ള)സാമൂഹ്യവനവൽക്കരണം— രണ്ടാംഘട്ടം.

വനം വകുപ്പിൽ അടിസ്ഥാന ഓഫീസായ റെയിഞ്ചുതലം വരെ കമ്പ്യൂട്ടർ വൽക്കരണം നടത്തിയിട്ടുണ്ട്. വനം വകുപ്പിന് വെബ് ഹോസ്റ്റിംഗ് നടത്തി വനം വകുപ്പിന്റെ ഒരു സൈറ്റ് ഇന്റർനെറ്റിൽ സ്ഥാപിച്ചിട്ടുണ്ട്. വിവരസാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗിച്ചുള്ള ആധുനിക ഭൗമവിവരസാങ്കേതികാ വിഭാഗം വനം വകുപ്പ് ആസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. കൂടാതെ മറ്റ് പ്രധാന പ്രവർത്തനമേഖലകളിലേക്കും കമ്പ്യൂട്ടർവൽക്കരണം പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ സോഫ്റ്റ്വെയർ നിർമ്മിക്കുകയും അവയുടെ നടപ്പിലാക്കൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. ഈ വിഭാഗത്തിൽ ജോലി നോക്കുന്ന 26 സ്ഥിരം ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവ്, വാഹനങ്ങളുടെ ചെലവ് എന്നിവയ്ക്കായി 80 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

സ്വീകരിച്ച നടപടി

തുടർച്ചാനുമതി ലഭിക്കാത്തതിനാൽ അധിക തുക ആവശ്യപ്പെടേണ്ടി വന്നിട്ടില്ല.

ശുപാർശ

2406-01-001-95-21—മോട്ടോർ വാഹനങ്ങൾ (1) വാങ്ങൽ

വനം വകുപ്പിൽ 300-ഓളം വാഹനങ്ങൾ ഉണ്ട്. ഓരോ വർഷവും ഇതിൽ 5% പഴയ വാഹനങ്ങൾ വിറ്റിട്ട് പുതിയ വാഹനങ്ങൾ വാങ്ങുന്നതിലേക്കായി 75 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

സ്വീകരിച്ച നടപടി

പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കാത്തതിനാൽ അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

ശുപാർശ

2406-01-001-95-05—ഓഫീസ് ചെലവുകൾ

1. വെള്ളക്കരം—ബഡ്ജറ്റ് വിഹിതം : 2.11 ലക്ഷം രൂപ
2. വൈദ്യുതി ചെലവ്—ബഡ്ജറ്റ് വിഹിതം : 8.26 ലക്ഷം രൂപ
3. ടെലിഫോൺ ചെലവ്—ബഡ്ജറ്റ് വിഹിതം : 6.03 ലക്ഷം രൂപ

വൈദ്യുതി നിരക്ക്, വെള്ളക്കരം എന്നിവ കൂടിയ സാഹചര്യത്തിലും, പല ആഫീസുകളിലും കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിലും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വെള്ളക്കരം, വൈദ്യുതി ചെലവ്, ടെലിഫോൺ ചെലവ് എന്നീ ശീർഷകങ്ങളിൽ യഥാക്രമം 5 ലക്ഷം രൂപ, 10 ലക്ഷം രൂപ, 5 ലക്ഷം രൂപ എന്നിങ്ങനെ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സ്വീകരിച്ച നടപടി

പദ്ധതി നടപ്പിലാക്കിയപ്പോൾ ആദ്യം അനുവദിച്ച തുകയ്ക്കുള്ളിൽ ചെലവുകൾ നടന്നതുകൊണ്ട് അധികതുക ആവശ്യപ്പെട്ടിരുന്നില്ല.

**ഭാഗം 2**

## ചട്ടങ്ങളുടെ പരിശോധന

<u>പരിസ്ഥിതി വകുപ്പ്</u>

സമിതിയുടെ 27-10-2011-ലെ യോഗം താഴെ പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു:

1. ദി എയർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) അപ്പലേറ്റ് അതോറിറ്റി (ഭേദഗതി) റൂൾസ്, 2007

2. ദി വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) അപ്പലേറ്റ് അതോറിറ്റി (ഭേദഗതി) റൂൾസ്, 2007.

കെ. ബി. ഗണേഷ് കുമാർ,

ചെയർമാൻ,
സബ്ജക്റ്റ് കമ്മിറ്റി X.

## അനുബന്ധം

## 2011 ജൂലൈ 14-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി-X (2011-2013), 2011 ജൂലൈ 14-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'VA' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. പി. അനിൽ കുമാറും സന്നിഹിത രായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. കെ. അജിത് എം. എൽ. എ.
2. ശ്രീ. ബി. ഡി. ദേവസ്സി ,,
3. ശ്രീ. മോൻസ് ജോസഫ് ,,
4. ശ്രീ. രാജു എബ്രഹാം ,,
5. ശ്രീ. ബി. സത്യൻ ,,
6. ശ്രീ. കെ. എം. ഷാജി ,,
7. ശ്രീ. സണ്ണി ജോസഫ് ,,

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി കെ. ലൈലാ ബീവി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. കെ. ഉദയകുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി കെ. രാധാമണി, അണ്ടർ സെക്രട്ടറി.

സമിതി, സബ്ജക്റ്റ് കമ്മിറ്റി X-ന്റെ, 2011 മാർച്ച് 31 വരെയുള്ള പീരിയോഡി ക്കൽ റിപ്പോർട്ടിന്റെ കരട് പരിഗണനയ്ക്കെടുക്കുകയും അംഗീകരിക്കുകയും പ്രസ്തുത പീരിയോഡിക്കൽ റിപ്പോർട്ട് 18-7-2011-ന് സഭയിൽ സമർപ്പിക്കുന്നതിന് തീരുമാനി ക്കുകയും ചെയ്തു. കൂടാതെ 2010 ഡിസംബർ 7-ാം തീയതിയിലെ യോഗ തീരുമാനപ്രകാരം സംസ്ഥാനത്തെ മൂന്നാർ, തുഷാരഗിരി തുടങ്ങിയ ഹിൽ സ്റ്റേഷനുകൾ നൈനിറ്റാൾ മാതൃകയിൽ പരിസ്ഥിതി വിനോദസഞ്ചാരം വികസിപ്പിക്കുന്നത് സംബന്ധിച്ച പഠനം നടത്താൻ നൈനിറ്റാൾ സന്ദർശിക്കാനും സമിതി തീരുമാനിച്ചു.

സമിതി വൈകുന്നേരം 3.50 മണിക്ക് യോഗം പിരിഞ്ഞു.

## 2011 ആഗസ്റ്റ് 1-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി X (2011-2013) 2011 ആഗസ്റ്റ് 1-ാം തീയതി തിങ്കളാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V-B' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ബി. ഡി. ദേവസ്സി എം.എൽ.എ.
2. ശ്രീ. ഹൈബി ഈഡൻ ,,
3. ശ്രീ. എസ്. രാജേന്ദ്രൻ ,,
4. ശ്രീ. ബി. സത്യൻ ,,
5. ശ്രീ. കെ. എം. ഷാജി ,,
6. ശ്രീ. സണ്ണി ജോസഫ് ,,

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി കെ. ലൈലാ ബീവി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. കെ. ഉദയകുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി കെ. രാധാമണി, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. സാജൻ പീറ്റർ, പ്രിൻസിപ്പൽ സെക്രട്ടറി, ഫോറസ്റ്റ് ആന്റ് വൈൽഡ്ലൈഫ് ആന്റ് കൾച്ചറൽ അഫയേഴ്സ് ഡിപ്പാർട്ടുമെന്റ്
2. ശ്രീ. ടി. എം. മനോഹരൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
3. ശ്രീ. മാത്യു എം. പുത്തനങ്ങാടി, അഡീഷണൽ സെക്രട്ടറി, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്
4. ശ്രീ. പി. എസ്. പ്രദീപ്, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ടുമെന്റ്
5. ശ്രീ. അമർനാഥ് ഷെട്ടി, മാനേജിംഗ് ഡയറക്ടർ, കെ.എഫ്.ഡി.സി.

സമിതി, 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXXIV (വനവും വന്യജീവിയും)-നെ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തു.

വനം-വന്യജീവി വകുപ്പിന് 2011-12 സാമ്പത്തിക വർഷത്തിൽ 335 കോടി 13 ലക്ഷത്തി എൺപത്തി അയ്യായിരം രൂപയാണ് XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും പദ്ധതി ഇനത്തിൽ 109.11 കോടി രൂപയും കേന്ദ്ര സംസ്ഥാന വിഹിതമായി യഥാക്രമം 3374 ലക്ഷം രൂപ, 7537 ലക്ഷം രൂപ എന്നിങ്ങനെയാണ് നീക്കിവെച്ചിട്ടുള്ളതെന്നും പ്രിൻസിപ്പൽ സെക്രട്ടറി ആമുഖമായി പറഞ്ഞു. ജനസാന്ദ്രതയേറിയ സംസ്ഥാനമാണെങ്കിലും 29 ശതമാനം വനമായി പരിപാലിക്കാൻ സാധിച്ചിട്ടുണ്ടെന്നും വനവിസ്തൃതി കൂടിയ ചില സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളമെന്നും ഈ നേട്ടം കൈവരിക്കാൻ സാധിച്ചത് വനം വകുപ്പിന്റെ കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തനങ്ങൾകൊണ്ടാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കേന്ദ്ര സഹായം ലഭ്യമാകുന്ന പദ്ധതികളിൽ ആകെ ചെലവിന്റെ 50% കേന്ദ്രവും 50% സംസ്ഥാനവുമാണ് വഹിക്കുന്നതെന്നും കേന്ദ്രത്തിൽ നിന്ന് ലഭ്യമാകുന്ന തുകയിൽ കേന്ദ്രത്തിന്റെ ധനസ്ഥിതിയനുസരിച്ച് വ്യത്യാസം വരാറുണ്ടെന്നും കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന തുകയ്ക്കു സമാനമായ തുകയാണ് ധനകാര്യവകുപ്പ് അനുവദിക്കാറുള്ളതെന്നും സംസ്ഥാനവിഹിതം ചെലവഴിക്കണമെങ്കിൽ കേന്ദ്രവിഹിതം ലഭ്യമാകുന്നതുവരെ കാത്തിരിക്കേണ്ടിവരുമെന്നും ഇതുകാരണം സീസണൽ ആയ പല പണികളും മുടങ്ങുന്ന അവസ്ഥയാണുള്ളതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയിൽ ബോധിപ്പിച്ചു. ആയതിനാൽ കേന്ദ്രവിഹിതം ലഭ്യമാകുന്നതുവരെ കാത്തുനിൽക്കാതെ സംസ്ഥാന വിഹിതം നേരത്തേ ചെലവഴിക്കാൻ അനുവാദം നല്കുന്നതിന് ശുപാർശ ചെയ്യണമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ അഭ്യർത്ഥിച്ചു.

തുടർന്ന് കുറിഞ്ഞിമല സാങ്ച്വറിയിൽ 2007-08 മുതൽ 50% ചെലവുകൾ കാണിച്ചതിന്റെ വിശദാംശങ്ങൾ സമിതി ആരാഞ്ഞു. ആയതിന് 2011-12 സാമ്പത്തിക വർഷത്തിൽ 20 ലക്ഷം രൂപയാണ് ഇതിനുവേണ്ടി വകയിരുത്തിയിട്ടുള്ളതെന്നും സാങ്ച്വറിയായി പ്രഖ്യാപിച്ചെങ്കിലും അതിന്റെ സെറ്റിൽമെന്റ് പൂർണ്ണ രൂപത്തിലെത്തിയിട്ടില്ലെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ സമിതിയെ അറിയിച്ചു. സാങ്ച്വറിയിലെ ചില പ്രദേശങ്ങളിൽ കൃഷിയും മറ്റു ചിലയിടങ്ങളിൽ യൂക്കാലി കൾട്ടിവേഷനുമാണുള്ളതെന്നും ഇതിൽ ഏതെല്ലാം ഉൾപ്പെടുത്തണമെന്നും ഏതെല്ലാം ഒഴിവാക്കണമെന്നും ഉള്ള നയപരമായ തീരുമാനം സർക്കാർ എടുത്താൽ മാത്രമേ സാങ്ച്വറിയിൽ താമസിക്കുന്നവരുടെ കാര്യത്തിൽ അവസാന തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂവെന്നും തുടർന്ന് അദ്ദേഹം അറിയിച്ചു.

ആറളം വന്യമൃഗ സംരക്ഷണകേന്ദ്രത്തിന് 2008-2009-ൽ 68.72 ലക്ഷം രൂപ അനുവദിച്ചിരുന്ന സ്ഥാനത്ത് 2010-2011-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 60 ലക്ഷം രൂപയായി ചുരുക്കിയതിന്റെ കാരണം സമിതി ആരാഞ്ഞ വേളയിൽ 2008-09-ൽ ചെലവു ചെയ്ത തുകയായ 68.72 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ കാണിച്ചിരിക്കുന്നതെന്നും എസ്റ്റിമേറ്റ് 60 ലക്ഷം രൂപയാണെന്നും കേന്ദ്രവിഹിതമായി കൂടുതൽ തുക ലഭ്യമാകാറുണ്ടെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മറുപടി നൽകി. ആന ശല്യം രൂക്ഷമാകുന്നത് തടയുന്നതിനായി ഒരു സ്ക്വാഡ് രൂപീകരിക്കുമെന്ന് നിയമസഭയിൽ പറഞ്ഞതനുസരിച്ച്, വൈൽഡ്ലൈഫ് സി.സി.എഫ്.

അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് ചെയർമാൻ ആവശ്യപ്പെട്ടു. സ്ഥിരമായി ശല്യം ചെയ്യുന്ന ആനകളെ മയക്കുവെടി വച്ച് തിരികെ വനത്തിലേക്ക് അയയ്ക്കുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്നും താപ്പാന ഇല്ലാത്ത പ്രശ്നം പരിഹരിക്കുവാൻ ഒരു കുങ്കി ആനയെ പരിശീലിപ്പിച്ച് എടുക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

ആദിവാസികൾ താമസിക്കുന്ന എല്ലാ ഊരുകളിലും അവർക്ക് ട്രെഞ്ചുകൾ കുഴിച്ചു കൊടുക്കണമെന്നും അതിനായി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്താനുള്ള തീരുമാനമെടുക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ ജലസ്രോതസ്സ് സംരക്ഷിക്കുവാനായി തണ്ണീർത്തടങ്ങൾ നിർമ്മിക്കാൻ കഴിയുന്ന സ്ഥലങ്ങളെക്കുറിച്ച് ലിസ്റ്റ് ലഭ്യമാക്കുവാൻ ഡി.എഫ്.ഒ. മാർക്ക് നിർദ്ദേശം കൊടുക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

ട്രെഞ്ച് കുഴിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ വേലി (ഫെൻസിംഗ്) നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നും തകരാറായി കിടക്കുന്ന വേലികളുടെ ലിസ്റ്റ് എടുത്ത് തകരാർ പരിഹരിച്ചതിനുശേഷം പുതിയവയുടെ കാര്യം ആലോചിക്കാമെന്നും സമിതി വിലയിരുത്തി.

ആദിവാസികൾക്ക് വീട് വയ്ക്കുവാൻ കൊടുക്കുന്ന മരവും മണലുമൊന്നും ഗുണഭോക്താക്കളിൽ എത്തുന്നില്ല എന്ന സമിതിയുടെ ആശങ്കയ്ക്ക് വനം വകുപ്പിന് ഹൗസിംഗ് സ്കീമുകൾ ഒന്നുമില്ലെന്നും, റൂറൽ ഡെവലപ്മെന്റ്, എസ്.സി./എസ്.റ്റി. ഡെവലപ്മെന്റ് എന്നീ വകുപ്പുകളാണ് ഹൗസിംഗ് സ്കീമുകൾ നടപ്പിലാക്കുന്നതെന്നും സർക്കാർ വകുപ്പുകൾ നടത്തുന്ന ഹൗസിംഗ് സ്കീമുകൾക്ക് ആവശ്യമായ ഘനമരങ്ങൾ അവ നടപ്പിലാക്കുന്നവർക്ക് അളന്നു കൊടുക്കാമെന്നും ബാക്കിയുള്ള കാര്യങ്ങളുടെ ചുമതല അവർക്കായിരിക്കുമെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അറിയിച്ചു.

പി.ഡബ്ല്യു.ഡി.യിൽ നിന്നുള്ള ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഉൾപ്പെടുന്ന ഒരു എഞ്ചിനീയറിംഗ് വിംഗ് ആണ് മുൻപ് ഫോറസ്റ്റ് റോഡുകൾ നിർമ്മിച്ചിരുന്നതെന്നും വേണ്ടത്ര വർക്ക് ഇല്ലാതിരുന്നതിനാൽ ആ വിംഗ് വേണ്ടെന്നുവച്ചുവെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സമിതിയുടെ ചോദ്യത്തിനുത്തരമായി അറിയിച്ചവേളയിൽ വനം വകുപ്പിന്റെ ഇത്തരം വർക്കുകൾ ഡി.എഫ്.ഒ. ലെവലിൽ ടെണ്ടർ ചെയ്ത് പി.ഡബ്ല്യു.ഡി.ക്ക് നൽകണമെന്ന് ചെയർമാൻ നിർദ്ദേശിച്ചു.

വനത്തിനുള്ളിൽ റോഡുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം ഒരു ഹെക്ടർ വരെയുള്ള സ്ഥലത്ത് ആദിവാസി റോഡുകൾക്ക് അനുമതി നൽകാറുണ്ടെന്നും അതിനായി ഡി.എഫ്.ഒ.യെ അധികാരപ്പെടുത്തിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സമിതിയിൽ ബോധിപ്പിച്ചു.

മറയൂരിൽ മുതുവാൻ സമുദായത്തിൽപ്പെട്ടവർ താമസിക്കുന്ന കൂടല്ലാർ ഊരിൽ പാലം പണിയുന്നതിനായി 3 കൊല്ലം മുമ്പ് 5 ലക്ഷം രൂപ അനുവദിച്ചിട്ടും പണി നടക്കാതിരുന്നതും ശ്രീ. എം. ചന്ദ്രൻ, എം.എൽ.എ.യുടെ മണ്ഡലത്തിലെ

റോഡിന്റെ പണിയെക്കുറിച്ചും നിയമസഭയിൽ ഉന്നയിച്ചിരുന്ന വിഷയം അന്വേഷിക്കുന്നതിന് സമിതി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി.

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ തുകയ്ക്ക് ആനുപാതികമായ കേന്ദ്ര സഹായം കിട്ടിയില്ലെങ്കിൽത്തന്നെയും അതിന് മുമ്പുതന്നെ സംസ്ഥാന വിഹിതമായ അമ്പത് ശതമാനം റിലീസ് ചെയ്യുന്നതിനുള്ള അനുവാദം നൽകുന്നതിന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷി നശിക്കുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച് സമിതി ആരാഞ്ഞവേളയിൽ കൃഷിനാശത്തിന് കൃഷി ഓഫീസർ വിലയിരുത്തുന്നതിന്റെ 75 ശതമാനവും വ്യക്തികളുടെ അംഗവൈകല്യമാണെങ്കിൽ അമ്പതിനായിരം രൂപയും ഗുരുതരമായ പരുക്കിന് ഇരുപത്തിഅയ്യായിരം രൂപയുമാണ് നൽകിവരുന്നതെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മറുപടി നൽകി. വന്യജീവി ആക്രമണത്തിനിരയാകുന്നവരുടെ പരുക്കുകൾ വിലയിരുത്തുന്നത് മെഡിക്കൽ ബോർഡാണെന്നും അതനുസരിച്ചുമാത്രമേ നഷ്ടപരിഹാരം നൽകാൻ സാധിക്കുകയുള്ളൂവെന്നും നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണമെങ്കിൽ നിയമഭേദഗതിയിലൂടെ മാത്രമേ കഴിയുകയുള്ളൂവെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സമിതിയെ അറിയിച്ചു. ഇക്കാര്യത്തിൽ നിയമഭേദഗതി വരുത്തുന്നകാര്യം പരിശോധിച്ച് അതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

2011-2012 സാമ്പത്തികവർഷത്തേക്കുള്ള XXXIV-ാം നമ്പർ ധനാഭ്യർത്ഥന പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശുപാർശകൾ സമിതി നിർദ്ദേശിച്ചു.

4406-01-070-99-34-0C—റോഡുകൾ

വനങ്ങളെ കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും വനവിഭവങ്ങളുടെ വിപണനം നടത്തുന്നതിനും അത്യാവശ്യം വാഹനഗതാഗതം സാധ്യമാകുന്ന റോഡുകൾ ആവശ്യമാണ്. ഈ റോഡുകളുടെ അറ്റകുറ്റപ്പണിക്കായി ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 111.75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4406-01-070-97—കെട്ടിടങ്ങൾ

കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കും പുറമേ ഭൂതത്താൻകെട്ട്, ഇടമലയാർ ഫോറസ്റ്റ് സ്റ്റേഷനുകൾ വൈദ്യുതീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2406-02-110-68—ജൈവ വൈവിദ്ധ്യ സംരക്ഷണം

ജൈവ വൈവിദ്ധ്യ സംരക്ഷണം വനാതിർത്തിയോട് ചേർന്ന വില്ലേജുകളിലും വനത്തിനുള്ളിലെ ആദിവാസി സെറ്റിൽമെന്റുകളിലും വന്യജീവി

ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾ പരിഹരിക്കൽ, ആനയുടെ ആക്രമണം തടയാൻ ട്രഞ്ച്, വൈദ്യുത കമ്പിവേലി തുടങ്ങിയവയുടെ നിർമ്മാണം, ആവാസവ്യവസ്ഥ മെച്ചപ്പെടുത്തൽ, പൊതുജനങ്ങളിൽ പ്രകൃതി സംരക്ഷണ അവബോധം വളർത്തുക, കാട്ടുതീ തടയൽ, പരിസ്ഥിതി വികസന പ്രവർത്തനം, വന്യജീവി വാരാഘോഷം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനായി അനുവദിച്ച 350 ലക്ഷം രൂപ അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക 450 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2406-01-800-98—<u>വനങ്ങളെ സംബന്ധിച്ചുള്ള പ്രചരണവും പരസ്യവും</u>

സാമൂഹ്യ വനവല്ക്കരണ വിഭാഗത്തിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന ഹരിത കേരളം, നമ്മുടെ മരം, എന്റെ മരം, വഴിയോരത്തണൽ മുതലായ പദ്ധതികളുടെ നടത്തിപ്പിനും ബോധവല്ക്കരണ പരിപാടികൾക്കുള്ള ചെലവുകൾക്കും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ സാമ്പത്തികവർഷം ഈയിനത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2406-01-070-99—<u>റോഡുകളും പാലങ്ങളും</u>

റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി അനുവദിച്ചിരുന്ന തുക സാധനങ്ങളുടെ വിലക്കയറ്റം, ട്രാൻസ്പോർട്ടേഷൻ ചെലവിലുണ്ടായ വർദ്ധനവ് എന്നിവ പരിഗണിക്കുമ്പോൾ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2406-01-800-92—<u>വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം</u>

വന്യജീവി നിർവ്വചനത്തിലെ ഷെഡ്യൂൾ 1-ഉം ഷെഡ്യൂൾ 2-ലെ പാർട്ട് 2-ഉം ഉൾപ്പെടുന്ന വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് മാത്രമാണ് നഷ്ടപരിഹാരം നൽകിക്കൊണ്ടിരിക്കുന്നത്. കാട്ടുപന്നിയുടെ ആക്രമണം മൂലമാണ് കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടാകുന്നത്. ഈ ഇനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം തുലോം കുറവായതിനാൽ 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനുവേണ്ടി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വിവിധ ശീർഷകങ്ങളിൽ താഴെപ്പറയുംപ്രകാരം അധിക തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു:

2406-01-001-99-01-(4)—<u>ആഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്: 50,000 രൂപ</u>

2406-01-001-98-01-(4)—<u>ആഫീസ് ഓഫ് ദി കൺസർവേറ്റേഴ്സ്: 50,000 രൂപ</u>

2406-01-001-97-01-(4)—<u>വർക്കിംഗ് പ്ലാൻ ആന്റ് റിസർച്ച് സർക്കിൾ: 50,000 രൂപ</u>

2406-01-001-96-01-(4)—വിജിലൻസ് ആന്റ് ഇവാല്യുവേഷൻ: 50,000 രൂപ

2406-01-001-95-01-(4)—ഡിസ്ട്രിക്ട് ആഫീസസ്: 4 ലക്ഷം രൂപ.

വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും മുൻകാലങ്ങളിലുള്ള യാത്രാ ചെലവുകളുടെ ബില്ലുകൾ പല ഡിവിഷനുകളിലും പാസ്സാക്കേണ്ടതായിട്ടുള്ളതിനാലും വിവിധ ശീർഷകങ്ങളിൽ താഴെപ്പറയുംപ്രകാരം അധിക തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2406-01-001-99-04-(1)—ആഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്: 3 ലക്ഷം രൂപ

2406-01-001-96-04-(1)—വിജിലൻസ് ആന്റ് ഇവാല്യുവേഷൻ: 3.5 ലക്ഷം രൂപ

2406-01-001-95-04-(1)—ഡിസ്ട്രിക്ട് ആഫീസസ്: 3 ലക്ഷം രൂപ

സമിതിയുടെ അടുത്ത യോഗങ്ങൾ ആഗസ്റ്റ് 10, 24 എന്നീ തീയതികളിൽ തിരുവനന്തപുരത്തുവച്ച് കൂടാൻ തീരുമാനിച്ചു.

സമിതി ഉച്ചയ്ക്കുശേഷം 12.40-ന് യോഗം പിരിഞ്ഞു.

## 2011 ആഗസ്റ്റ് 10-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2011 ആഗസ്റ്റ് 10-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ കോംപ്ലക്സിലെ "5ബി" കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ എക്സ്-ഒഫീഷ്യോ അംഗവും പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. പി. അനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ പ്രത്യേക ക്ഷണിതാവായി മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ബി. ഡി. ദേവസ്സി എം. എൽ. എ.
2. ,, ഹൈബി ഈഡൻ ,,
3. ,, മോൻസ് ജോസഫ് ,,
4. ,, എസ്. രാജേന്ദ്രൻ ,,
5. ,, രാജു എബ്രഹാം ,,
6. ,, ബി. സത്യൻ ,,
7. ,, കെ. എം. ഷാജി ,,
8. ,, സണ്ണി ജോസഫ് ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. കെ. ഉദയകുമാർ, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. വി. വേണു, സെക്രട്ടറി, ടൂറിസം വകുപ്പ്
2. ശ്രീമതി ഇഷിതാ റോയ്, സെക്രട്ടറി, എൻവയോൺമെന്റ് ഡിപ്പാർട്ട്മെന്റ്
3. ശ്രീമതി റാണി ജോർജ്, ഡയറക്ടർ, ടൂറിസം ഡിപ്പാർട്ട്മെന്റ്
4. ശ്രീ. സി. പി. അജുമൽ, അഡീഷണൽ സെക്രട്ടറി, ടൂറിസം ഡിപ്പാർട്ട്മെന്റ്
5. ,, കെ. ജി. മോഹൻലാൽ, മാനേജിംഗ് ഡയക്ടർ, കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ
6. ,, കെ. സജീവൻ, ചെയർമാൻ, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്
7. ഡോ. ആർ. വി. വർമ്മ, ചെയർമാൻ, കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്
8. ശ്രീമതി കെ. മോളിക്കുട്ടി, മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്

9. ശ്രീ. എം. രാധാകൃഷ്ണൻ, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്

10. ,, എസ്. ശ്രീവൽസൻ, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്

11. ,, പി. ശ്രീകുമാർ, സെക്രട്ടറി ആന്റ് ഫിനാൻസ് കൺട്രോളർ, കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.

സമിതി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XVII, XX, XLII എന്നിവ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XVII, XX

### പരിസ്ഥിതി വകുപ്പ്

പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ മൂന്ന് ഏജൻസികളാണ് പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ളതെന്ന് വകുപ്പ് സെക്രട്ടറി പ്രാരംഭമായി അറിയിച്ചു. 2011-12 സാമ്പത്തികവർഷം പരിസ്ഥിതി, കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിന്, ആർ.ഐ.ഡി.എഫ്.നുള്ള 100 ലക്ഷം രൂപ ഉൾപ്പെടെ 1315 ലക്ഷം രൂപയാണ് പ്ലാനിൽ വകയിരുത്തിയിട്ടുള്ളതെന്നും വകുപ്പിന് നോൺ പ്ലാൻ ഒന്നുമില്ലെന്നും ജൈവ വൈവിധ്യ ബോർഡിന് 180 ലക്ഷം രൂപയും പൊല്യൂഷൻ കൺട്രോൾ ബോർഡിന് 2.42 കോടി രൂപയുമാണ് പ്ലാൻ ഫണ്ടിനുള്ള തെന്നും ഇവയ്ക്കെല്ലാം ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമാണെന്നും സെക്രട്ടറി അറിയിച്ചു.

വേമ്പനാട്ട് കായലിന്റെ വികസനത്തെക്കുറിച്ച് മുഖ്യമന്ത്രി ആരാഞ്ഞതിന് മറുപടിയായി വേമ്പനാട്ട് കായലിനുവേണ്ടി എല്ലാ വകുപ്പുകളേയും ഏകോപിപ്പിച്ചു കൊണ്ട് എക്കോ ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കുവാൻ ക്യാബിനറ്റ് തീരുമാനിച്ചിട്ടുണ്ടെന്നും പ്രാരംഭമായി 10 കോടി രൂപ കേന്ദ്രം അനുവദിച്ചിട്ടുണ്ടെന്നും പരിസ്ഥിതി വകുപ്പ് സെക്രട്ടറി അറിയിച്ചു. വേമ്പനാട്ടുകായൽ വ്യാപകമായി കയ്യേറുന്നത് തടയുവാൻവേണ്ട നടപടി സ്വീകരിക്കണമെന്ന് കായലുമായി ബന്ധമുള്ള ആലപ്പുഴ, എറണാകുളം, കോട്ടയം എന്നീ ജില്ലാ കളക്ടർമാരോട് മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

ശബരിമല സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ഡിസൈൻ തയ്യാറാക്കുവാൻ ഏൽപ്പിച്ചിരിക്കുന്ന നാഗ്പൂരിലെ ഏജൻസിയിൽനിന്നും ആയത് എത്രയുംപെട്ടെന്ന് വാങ്ങി, പദ്ധതി നടപ്പിലാക്കണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഫലപ്രദമാക്കുന്നതിനുവേണ്ടി സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടുകൾ വിജയകരമായി നടത്തുന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ (തമിഴ്നാട്ടിലെ കോയമ്പത്തൂർ, ആന്ധ്രാപ്രദേശിലെ ഹൈദരാബാദ്, കർണാടകയിലെ ബാംഗ്ലൂർ)

സന്ദർശിച്ച് കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ഒരു ശാശ്വതപരിഹാരം കാണണമെന്ന് സമിതി ശുപാർശ ചെയ്തു.

ഫിലിപൈൻസിൽ മാത്രമാണ് കേരളത്തിന് യോജിക്കുന്നതരത്തിൽ ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി മോഡലുകൾ ഉള്ളതെന്ന് പരിസ്ഥിതി വകുപ്പ് സെക്രട്ടറി അറിയിച്ചു. ഫിലിപൈൻസ് മോഡലിന്റെ ഒരു ബ്രീഫ് റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കിയാൽ അതിന്റെ സാധ്യത പരിശോധിക്കാമെന്ന് സമിതി വിലയിരുത്തി. അപ്രകാരം പരിശോധിച്ച് റിപ്പോർട്ട് നൽകാമെന്ന് സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

യൂക്കാലിപ്റ്റസ് കൃഷി ചെയ്യുന്ന വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിൽ വർഷത്തിൽ മൂന്നുനാലുമാസം കുടിവെള്ളമില്ലാതെയാകുന്ന പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കണെമെന്ന സമിതിയുടെ ആവശ്യത്തിന് യൂക്കാലിപ്റ്റസ് ഉള്ള സ്ഥലങ്ങൾ കൃഷി ഭൂമിയാണെങ്കിൽ അവിടെയുള്ള മരങ്ങൾ കൃഷി വകുപ്പിന്റെ സഹായത്തോടെ മാറ്റാനുള്ള സംവിധാനമാണ് ആവശ്യമെന്ന് കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻ അറിയിച്ചു. എക്സോട്ടിക് ആയിട്ടുള്ള മരങ്ങൾ എല്ലാംതന്നെ നമ്മുടെ വനമേഖലയിൽ നിന്നും മറ്റു സ്ഥലങ്ങളിൽ നിന്നും മാറ്റി പകരം എൻഡിമിക് ആയിട്ടുള്ള മരങ്ങൾ വച്ചുപിടിപ്പിക്കുക എന്നതാണ് ബയോഡൈവേഴ്സിറ്റി ബോർഡിന്റെ നയമെന്ന് ബോർഡ് ചെയർമാൻ വ്യക്തമാക്കി.

കീടനാശിനികൾ പരിസ്ഥിതിക്ക് മാരകമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനാൽ, മാരകമായ കീടനാശിനികൾക്ക് പകരമായി എന്തെങ്കിലും സംവിധാനമുണ്ടാക്കണമെന്ന സമിതിയുടെ ആവശ്യത്തിന് ഇപ്പോൾതന്നെ പലരും ജൈവകൃഷി രീതിയിൽ മൂന്നുവർഷം ചെയ്തതും അല്ലാത്തതുമായ കൃഷിരീതികൾ സംബന്ധിച്ച് ഒരു സമഗ്രപഠനം നടത്തിയതിന്റെ റിപ്പോർട്ട് രണ്ട് മാസത്തിനകം സമർപ്പിക്കാൻ കഴിയുമെന്ന് ബോർഡ് ചെയർമാൻ അറിയിച്ചു.

മലിനീകരണത്തിന്റെ ഉറവിടങ്ങളായ അറവുശാലകളും ചന്തകളും നവീകരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് കാലടിയിലും കുമിളിയിലും അറവുശാലകൾ നിർമ്മിക്കുവാൻ നബാർഡിന്റെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടെന്നും ഇതിന്റെ അവസ്ഥ പരിശോധിച്ചശേഷം കൂടുതൽ സാമ്പത്തിക സഹായം നൽകുവാൻ നബാർഡ് തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ടെന്നും പരിസ്ഥിതി വകുപ്പ് സെക്രട്ടറി അറിയിച്ചു.

ഏറ്റവും വലിയ പ്രതിസന്ധി നേരിടുന്ന പാർവ്വതീപുത്തനാർ ശുദ്ധീകരിക്കുന്നതിനുവേണ്ടി എന്തെങ്കിലും പുതിയ പദ്ധതികളോ അതിന്റെ ആത്യന്തിക പ്രശ്നത്തെപ്പറ്റി പഠിച്ച് എന്തെങ്കിലും റിപ്പോർട്ടുകളോ നിലവിലുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, കോവളം മുതൽ നീലേശ്വരംവരെയുള്ള ദേശീയ ജലപാതയുടെ ഭാഗമായ പാർവ്വതീപുത്തനാറിന്റെ വീതി കൂട്ടാൻ ഭൂമി ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാണെന്ന് മുഖ്യമന്ത്രി അറിയിച്ചു.

### ധനാഭ്യർത്ഥന XLII—വിനോദസഞ്ചാരം

2011-12 സാമ്പത്തിക വർഷത്തിൽ വിവിധ പ്രവർത്തനങ്ങൾക്കായി വിനോദ സഞ്ചാര വകുപ്പിന്, പ്ലാൻ ഫണ്ടിൽ അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് വകുപ്പ് സെക്രട്ടറി ആമുഖമായി പറഞ്ഞു. ആയതിനാൽ ഇപ്പോൾ

അനുവദിച്ചിരിക്കുന്ന 100 കോടി രൂപയിൽ നിന്ന് ആയത് 200 കോടി രൂപയായി ഉയർത്തണമെന്ന് സെക്രട്ടറി ആവശ്യപ്പെട്ടു.

അന്താരാഷ്ട്ര ടൂറിസത്തിലും ആഭ്യന്തര ടൂറിസത്തിലും കേരള ടൂറിസത്തിന് വളരെ വ്യക്തമായ ഒരു മുഖമുദ്ര ഉണ്ടാക്കിയെടുക്കാൻ കഴിയുന്ന ഒരു ഹെഡ്ഡാണ് മാർക്കറ്റിംഗ് അഥവാ വിപണനം. ആദ്യം പ്ലാനിൽ 30 കോടി രൂപ ഉണ്ടായിരുന്നത് alteration memorandum-ൽ 5 കോടി രൂപ കുറയ്ക്കുകയാണ് ചെയ്തതെന്നും ഇത് ഭാവിയിലേക്കുള്ള ബ്രാൻഡ് ഐഡന്റിറ്റിയെയും മാർക്കറ്റിംഗിനെയും ഗുരുതരമായി ബാധിക്കുമെന്നതിനാൽ, മാർക്കറ്റിംഗിന് മിനിമം 50-60 കോടിയോളം രൂപയെങ്കിലും അനുവദിക്കണമെന്ന് വകുപ്പ് സെക്രട്ടറി അഭ്യർത്ഥിച്ചു. അന്തർ ദേശീയ മേളകളിൽ പങ്കെടുക്കുന്നതിനും റോഡ് ഷോകൾ സംഘടിപ്പിക്കുന്നതിനും അന്തർദ്ദേശീയ മാധ്യമങ്ങളിൽ പരസ്യം ചെയ്യുന്നതിനും ടൂറിസ്റ്റ് പ്രചരണത്തിന് അനുവദിച്ച തുക കുറവാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ 25 കോടി രൂപ അധികമായി അനുവദിക്കുവാൻ സമിതി ശുപാർശ ചെയ്തു. അടിസ്ഥാന സൗകര്യ നിർമ്മാണത്തിനും വിനോദ സൗകര്യങ്ങൾക്കുംവേണ്ടിയുള്ള കേന്ദ്രങ്ങളുടെ നിർമ്മിതിക്കുമായി അപ്ഗ്രഡേഷൻ ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ എന്ന ഹെഡിൽ അനുവദിച്ചിരിക്കുന്ന 24 കോടി രൂപ അപര്യാപ്തമായതിനാൽ അതിന് 7 കോടി രൂപ കൂടുതൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു. ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ ഭാഗമായി കോട്ടയം-കുമരകം റോഡ് പൂർത്തിയാക്കിയ സാഹചര്യത്തിൽ പ്രവർത്തിയുടെ ബിൽ നൽകുവാനും സ്പിൽ ഓവർ വർക്കുകൾക്കുമായി 7 കോടി രൂപ അധികമായി വകയിരുത്തണമെന്നും സമിതി ആവശ്യപ്പെട്ടു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യമൊരുക്കലിനും മെച്ചപ്പെടുത്തലുകൾക്കുമായി 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2010-11-ൽ മൂന്നാറിൽ ടൂറിസം വികസന പദ്ധതിക്കുള്ള മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് ഒരു പുതിയ പ്രോജക്ടിന്റെ പ്രഖ്യാപനം ഉണ്ടായിരുന്നുവെന്നും ആയതിന്റെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ചും സമിതി ആരാഞ്ഞതിന്, മാസ്റ്റർ പ്ലാനിൽ ആറ് പഞ്ചായത്തുകളെ സംബന്ധിച്ച് വിശദമായി പഠിച്ച്, ഇന്നയിന്ന കാര്യങ്ങൾ ചെയ്യരുതെന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ടെന്നും ദീർഘകാല അടിസ്ഥാനത്തിൽ മൂന്നാർ രക്ഷപ്പെടുവാൻ ഇതുപോലെയുള്ള കൺസർവേഷൻ പ്ലാൻതന്നെ വേണമെന്നും ടൂറിസം സെക്രട്ടറി അറിയിച്ചു.

തുമ്പൂർമൂഴി-ഏഴാറ്റുമുഖവുമായി ബന്ധിപ്പിക്കുന്ന റോപ് വേയുടെ കാര്യത്തെ കുറിച്ച് സമിതി ആരാഞ്ഞപ്പോൾ, റോപ് വേയുടെ കാര്യത്തിൽ സ്വകാര്യ മേഖലയുടെ സഹകരണത്തോടെ ചെയ്യുന്നതാണ് നല്ലതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു.

കണ്ണൂരിലെ ചിറയ്ക്കൽചിറ വികസിപ്പിക്കുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന്, ഡി.റ്റി.പി.സി. മുഖേന ഒരു പദ്ധതി തയ്യാറാക്കാവുന്നതാണെന്ന് ടൂറിസം സെക്രട്ടറി അറിയിച്ചു.

ശബരിമലയിൽ ഒരു ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനുവേണ്ടി ഒരു പ്രൊപ്പോസൽ ടൂറിസം വകുപ്പുവഴി ചീഫ് സെക്രട്ടറിക്ക് നൽകണമെന്നും കൂടാതെ റാന്നി

പിൽഗ്രിം സെന്ററിനുവേണ്ടി ഒരു പ്രൊപ്പോസൽ ടൂറിസം ഡിപ്പാർട്ട്മെന്റുവഴി കേന്ദ്ര ഗവൺമെന്റിന് നൽകണമെന്നും സമിതി ആവശ്യപ്പെട്ടു.

എറണാകുളത്തെ ചില ദ്വീപുകൾ കേന്ദ്രീകരിച്ച് ഹോം സ്റ്റേകളും ഹെറിറ്റേജ് ടൂറിസം പാക്കേജുകളും സാധ്യമാക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ സാധിക്കുമോയെന്ന സമിതിയുടെ ചോദ്യത്തിന് ഡി.റ്റി.പി.സി.മുഖേന പ്രോജക്ടുകൾ വരുകയാണെങ്കിൽ ഉടൻതന്നെ അനുമതി നൽകാമെന്ന് സെക്രട്ടറി അറിയിച്ചു.

ഇടുക്കി, വാളയാറിലെ വഴിയോര വിശ്രമകേന്ദ്രത്തിന് റോഡ് സൗകര്യം ലഭ്യമാക്കി എത്രയുംവേഗം പ്രവർത്തനക്ഷമമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

മൂന്നാർ, തുഷാരഗിരി എന്നീ സ്ഥലങ്ങൾ നൈനിറ്റാൾ മോഡലിൽ വികസിപ്പിക്കുന്നതിനുവേണ്ടി അവിടെയുള്ള കൃഷിയേയും വിപണനത്തേയും സംബന്ധിച്ച് പഠിക്കുന്നതിന് നൈനിറ്റാളും അതോടൊപ്പം കുളു, മണാലി എന്നീ സ്ഥലങ്ങളും സന്ദർശിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണെന്ന് ചെയർമാൻ വ്യക്തമാക്കി. ഇതുകൂടാതെ താഴെപ്പറയുന്ന കാര്യങ്ങൾക്കായി ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കേരള വിനോദ സഞ്ചാര വികസന കോർപ്പറേഷൻ**

നടപ്പുസാമ്പത്തിക വർഷം 45 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കെ.ടി.ഡി.സി. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. പുതിയ പദ്ധതികൾ നടപ്പിലാക്കാനും മുൻവർഷത്തെ പദ്ധതികൾ പൂർത്തിയാക്കുവാനും ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാൽ, കെ.ടി.ഡി.സി.ക്ക് 10 കോടി രൂപകൂടി അനുവദിക്കുവാൻ ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**ടൂറിസ്റ്റ് റിസോർട്ട് (കേരള) ക്ലിപ്തം**

പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനും വിനോദസഞ്ചാര മേഖലയിൽ നിക്ഷേപ സൗകര്യം ഒരുക്കുന്നതിനും 6.15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ**

<u>5452-01-190-96</u>

ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന് സ്വന്തം ഓഫീസ്, ഗസ്റ്റ് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനും ബേക്കൽ കോട്ടയ്ക്കുസമീപം ഇൻഫർമേഷൻ സെന്റർ, കൾച്ചറൽ സെന്റർ എന്നിവ ആരംഭിക്കുന്നതിനും 38.85 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**മുസിരിസ് പൈതൃക പദ്ധതി**

5452-01-800-84

എറണാകുളം ജില്ലയിലെ പറവൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, ചേന്ദമംഗലം എന്നീ സ്ഥലങ്ങളിലെ ചരിത്രസ്മാരകങ്ങളെ ബന്ധിപ്പിച്ച് നടപ്പിലാക്കി വരുന്ന മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിക്ക് അനുവദിച്ച തുക അപര്യാപ്ത മായതിനാൽ, പദ്ധതിയുടെ നടത്തിപ്പിന് 5 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**തലശ്ശേരി പൈതൃക പദ്ധതി**

5452-01-800-83

തലശ്ശേരി പൈതൃക പദ്ധതി സംരക്ഷണ പദ്ധതിക്ക് 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസും**
**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സ്റ്റഡീസും**

(കിറ്റ്സ്)

3452-80-800-78

കിറ്റ്സിന്റെ അക്കാഡമിക് മന്ദിര നവീകരണത്തിന് 50 ലക്ഷം രൂപയും നിലവി ലുള്ള റസിഡൻസി ബിൽഡിംഗ് സംരക്ഷിക്കുന്നതിന് 1 കോടി രൂപയും ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിന് 2 കോടി രൂപയും എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററിനായി 10 ലക്ഷം രൂപയും റിസർച്ച് സ്റ്റഡിക്കായി 25 ലക്ഷം രൂപയും മറ്റ് റിസർച്ച് പദ്ധതികൾക്കായി 5 ലക്ഷം രൂപയും കമ്പ്യൂട്ടർവൽക്കരണത്തിനും എം.ഫിൽ കോഴ്സ് തുടങ്ങുന്നതിനും സ്റ്റഡിസെന്റർ ഡെവലപ്മെന്റിനായും 10 ലക്ഷം രൂപ വീതവും അധികച്ചെലവ് പ്രതീക്ഷിക്കുന്നതിനാൽ, പ്രസ്തുത പ്രവർത്തനങ്ങൾ നടത്തുന്നതിനായി കിറ്റ്സിന് 4 കോടി 20 ലക്ഷം രൂപ അധികമായി അനുവദിക്കാൻ സമിതി ശുപാർശ ചെയ്തു.

വിനോദസഞ്ചാര സ്വാധീനത്തെക്കുറിച്ചുള്ള പഠനവും സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കലും

3452-80-800-92

ഓരോ ജില്ലയിലേയും ടൂറിസം കേന്ദ്രങ്ങളേയും സാധ്യതകളെക്കുറിച്ച് പഠനം നടത്തുന്നതിന് അനുവദിച്ച തുകയായ 14 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഇത് 50 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

5452-01-800-87

ഗസ്റ്റ് ഹൗസുകൾ ആധുനികരീതിയിൽ നവീകരിക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി അനുവദിക്കാൻ സമിതി ശുപാർശ ചെയ്തു.

**നോൺ പ്ലാൻ ഫണ്ട്**

3452-80-001—ഭരണവും നടത്തിപ്പും 99— ഭരണം (04)— യാത്രാബത്ത

മേൽ ശീർഷകത്തിൽ യാത്രച്ചെലവിനായി ഉൾപ്പെടുത്തിയ തുകയായ 3.13 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ആയത് 3.5 ലക്ഷം രൂപയായി ഉയർത്തുവാൻ സമിതി ശുപാർശ ചെയ്തു.

3452-80-001—ഭരണവും നടത്തിപ്പും—99 ഭരണം (34)—മറ്റു ചെലവുകൾ

ഈയിനത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3452-80-001-95—ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും (34)—മറ്റു ചെലവുകൾ

ഭക്ഷണ സാധനസാമഗ്രികൾ വാങ്ങുന്നതിനായി വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ബഡ്ജറ്റ് വിഹിതം 25 ലക്ഷം രൂപയായി ഉയർത്തുവാൻ സമിതി ശുപാർശ ചെയ്തു.

3452-80-104-98—ടൂറിസ്റ്റ് പ്രചാരണം—08 പരസ്യപ്രചാരണം

ഓണാഘോഷത്തിനുള്ള ചെലവ് വഹിക്കുന്ന മേൽ ശീർഷകത്തിൽ അനുവദിച്ച തുകയായ 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.50-ന് സമാപിച്ചു.

## 2011 ആഗസ്റ്റ് 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി X, 2011 ആഗസ്റ്റ് മാസം 24-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ '5ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ്-ഒഫീഷ്യോ അംഗവും പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. പി. അനിൽ കുമാറും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ബി. ഡി. ദേവസ്സി എം.എൽ.എ
2. ശ്രീ. എസ്. രാജേന്ദ്രൻ ,,
3. ശ്രീ. കെ. എം. ഷാജി ,,
4. ശ്രീ. സണ്ണി ജോസഫ് ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി കെ. ലൈലാ ബീവി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. കെ. ഉദയകുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി കെ. രാധാമണി, അണ്ടർ സെക്രട്ടറി.

സമിതി 2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXXIV (വനം), XVII-3435 (പരിസ്ഥിതി), XX-190(98) (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്), XLII (വിനോദസഞ്ചാരം) എന്നിവയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുകയും ഭേദഗതികൾ ഒന്നുംകൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 2.25-ന് സമാപിച്ചു.

## 27-10-2011-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി X, 2011 ഒക്ടോബർ മാസം 27-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 3.15 മണിക്ക് നിയമസഭാ കോംപ്ലക്സിലെ '5ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ്-ഒഫീഷ്യോ അംഗവും പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. പി. അനിൽ കുമാറും സന്നിഹിതനായിരുന്നു.

ഹാജരായ അംഗങ്ങൾ :

| | |
|---|---|
| 1. ശ്രീ. കെ. അജിത് | എം.എൽ.എ. |
| 2. ശ്രീ. ബി. ഡി. ദേവസ്സി | ,, |
| 3. ശ്രീ. ഹൈബി ഈഡൻ | ,, |
| 4. ശ്രീ. മോൻസ് ജോസഫ് | ,, |
| 5. ശ്രീ. രാജു എബ്രഹാം | ,, |
| 6. ശ്രീ. ബി. സത്യൻ | ,, |
| 7. ശ്രീ. കെ. എം. ഷാജി | ,, |
| 8. ശ്രീ. സണ്ണി ജോസഫ് | ,, |

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി കെ. ലൈലാ ബീവി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. കെ. ഉദയകുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി കെ. രാധാമണി, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി കുമാരി സുധ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
2. ശ്രീ. ജി. രാജീവ്, അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.

പരിസ്ഥിതി വകുപ്പിനെ സംബന്ധിക്കുന്ന താഴെപ്പറയുന്ന കരട് ചട്ടങ്ങളും വനം-വന്യജീവി വകുപ്പിന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെ പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളും സമിതി പരിഗണനയ്ക്കെടുക്കുകയും അംഗീകരിക്കുകയും ചെയ്തു.

## പരിസ്ഥിതി വകുപ്പ്

കരട് ചട്ടം

1. ദി എയർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) അപ്പലേറ്റ് അതോറിറ്റി (ഭേദഗതി) റൂൾസ് 2007

ഫയൽ നമ്പർ 11782/സബ്.സി.എഫ്.1/2011/ലെജി. ഭേദഗതികൾ ഒന്നും കൂടാതെ കരട് ചട്ടം സമിതി അംഗീകരിച്ചു.

2. ദി വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) അപ്പലേറ്റ് അതോറിറ്റി (ഭേദഗതി) റൂൾസ് 2007

ഫയൽ നമ്പർ 11782/സബ്.സി.എഫ്.1/2011/ലെജി. ഭേദഗതികൾ ഒന്നും കൂടാതെ കരട് ചട്ടം സമിതി അംഗീകരിച്ചു.

## വനം-വന്യജീവി വകുപ്പ്

### ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റ്

1. ഫയൽ നമ്പർ 11909/സബ്.സി.എഫ്.1/2011/ലെജി.

2002–03-ലെ രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 18, 19 എന്നീ ശുപാർശകളിന്മേൽ ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി സമിതി അംഗീകരിച്ചു.

2. ഫയൽ നമ്പർ 1397/സബ്.സി.എഫ്.1/2011/ലെജി.

2004–05-ലെ നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 27-ലെ ശുപാർശയിന്മേൽ ലഭിച്ച മറുപടി സമിതി അംഗീകരിച്ചു.

3. ഫയൽ നമ്പർ 12176/സബ്.സി.ഇ.1/06/ലെജി.

2006–07-ലെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 55-ലെ ശുപാർശയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി അംഗീകരിച്ചു.

4. ഫയൽ നമ്പർ 12088/സബ്.സി.എഫ്.1/2011/ലെജി.

2007–08-ലെ രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 101, 103, 108 എന്നീ ശുപാർശകളിന്മേൽ ഗവൺമെന്റിൽനിന്നും ലഭിച്ച മറുപടി സമിതി അംഗീകരിച്ചു.

5. ഫയൽ നമ്പർ 3055/സബ്.സി.എഫ്.1/2011/ലെജി.

2008–09-ലെ മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 69, 70, 71, 72, 73 എന്നീ ശുപാർശകളിന്മേൽ ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി സമിതി അംഗീകരിച്ചു.

6. ഫയൽ നമ്പർ 11677/സബ്.സി.എഫ്.1/2011/ലെജി.

2010–11-ലെ അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 74, 75, 77, 78, 79, 80, 81, 82, 83, 85, 88 എന്നീ ശുപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടി സമിതി അംഗീകരിച്ചു.

2010-11 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ വനംവകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് അംഗീകരിക്കുകയും ആയത് സഭയിൽ സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

സമിതി 2011 ഡിസംബർ മാസത്തിൽ നടത്തുവാൻ തീരുമാനിച്ച അഖിലേന്ത്യാ പഠനപര്യടനവുമായി ബന്ധപ്പെട്ട ഷെഡ്യൂൾ തയ്യാറാക്കുന്നതിന് നിയമസഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തി.

യോഗം ഉച്ചയ്ക്കുശേഷം 3.25-ന് സമാപിച്ചു.

## 24-1-2012-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി X, 2012 ജനുവരി മാസം 24-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ '5D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. രാജു എബ്രഹാം, എം.എൽ.എ.
2. ശ്രീ. ബി. സത്യൻ, എം.എൽ.എ.
3. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി കെ. ലൈലാബീവി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. കെ. ഉദയകുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി കെ. രാധാമണി, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. സാജൻ പീറ്റർ, പ്രിൻസിപ്പൽ സെക്രട്ടറി, ഫോറസ്റ്റ് ആന്റ് വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റ്.
2. ശ്രീമതി റാണി ജോർജ്ജ്, ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്
3. ശ്രീ. വി. ഗോപിനാഥൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ്ലൈഫ്)
4. ശ്രീ. എസ്. പി. സിംഗ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സോഷ്യൽ ഫോറസ്ട്രി)
5. ശ്രീ. സി. എസ്. യാലക്കി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ബയോഡൈവേഴ്സിറ്റി സെൽ)
6. ശ്രീ. കെ. പി. ഔസേപ്പ്, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡെവലപ്മെന്റ്)
7. ശ്രീ. കെ. എ. മുഹമ്മദ് നൗഷാദ്, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സോഷ്യൽ ഫോറസ്ട്രി)
8. ശ്രീ. സി. പി. അജുമൽ, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
9. ശ്രീ. എസ്. അനിൽകുമാർ, മാനേജിംഗ് ഡയറക്ടർ, ടൂറിസം റിസോർട്ട്സ് കേരള ലിമിറ്റഡ്.
10. ശ്രീ. ജി. വി. ജോസ്, അഡീഷണൽ ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്.

അന്തരിച്ച പ്രശസ്ത സാഹിത്യകാരൻ സുകുമാർ അഴീക്കോടിന് ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് ആരംഭിച്ചയോഗത്തിൽ സമിതി എഴുന്നേറ്റു നിന്ന് ഒരു മിനിട്ട് മൗനം ആചരിച്ചു.

വനം വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ജൈവ വൈവിധ്യ സംരക്ഷണം, എക്സ്റ്റൻഷൻ ഫോറസ്ട്രി തുടങ്ങിയ സ്കീമുകളെ സംബന്ധിച്ചും വിനോദസഞ്ചാര വകുപ്പിന്റെകീഴിലുള്ള സപര്യ, ഡി.എം.സി. എന്നീ പദ്ധതികളുടെ നടപ്പാക്കലിനെ സംബന്ധിച്ചും സമിതി ചർച്ച ചെയ്തു.

ജൈവ വൈവിധ്യ സംരക്ഷണത്തിനുവേണ്ടി സാമൂഹ്യ വനവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരികയാണെന്നും 2010-ലെ കണക്കുപ്രകാരം നമ്മുടെ വനവിസ്തൃതി 11583.9974 ച.കി.മീ ആണെന്നും വനവൽക്കരണ പരിപാടികളിൽ വിദ്യാർത്ഥികളേയും സാമൂഹ്യ സംഘടനകളേയും ഉൾപ്പെടുത്തി 'എന്റെ മരം' 'നമ്മുടെ മരം' തുടങ്ങിയ പദ്ധതികളിലൂടെ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് വനവിസ്തൃതി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്നും വനം വകുപ്പ് സെക്രട്ടറി അറിയിച്ചു. അതോടനുബന്ധിച്ച് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായുള്ള സൗജന്യ തൈ വിതരണം, സാമൂഹ്യ സാംസ്കാരിക സംഘടനകൾ, സർക്കാരിതര സംഘടനകൾ, പൊതുജനങ്ങൾ എന്നിവർക്കുള്ള തൈ വിതരണം എന്നിവ നടത്തുന്നുണ്ടെന്നും തദ്ദേശ സ്ഥാപനങ്ങൾ, പത്രമാധ്യമങ്ങൾ എന്നിവയിലൂടെ വനവത്കരണ പരിപാടികൾ നടക്കുന്നുണ്ടെന്നും തുടർന്ന് അദ്ദേഹം അറിയിച്ചു.

സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ മഴനിഴൽ പ്രദേശങ്ങളിൽ പൈൻ മരംപോലുള്ള ഉയരമുള്ള മരങ്ങൾ വച്ചുപിടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും റോഡ് സൈഡിൽ വളർത്തുന്ന ചെടികൾ സംരക്ഷിക്കുന്നതിന് എം.എൽ.എ.മാരുടെ കമ്മിറ്റികൾ മുൻകൈയ്യെടുക്കണമെന്നും ജനപങ്കാളിത്തം ഉറപ്പുവരുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. പഞ്ചായത്തുകൾക്ക് 50 പൈസ നിരക്കിൽ ഫലവൃക്ഷ തൈകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടെന്നും വന്യമൃഗങ്ങൾ കൂട്ടത്തോടെ നാട്ടിലേക്കിറങ്ങുന്നത് തടയുന്നതിനായി വനത്തിനകത്ത് ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നത് അഭികാമ്യമായിരിക്കുമെന്നും കൂട്ടിച്ചേർത്തു. വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി തടയണകൾ കെട്ടുന്നതിനുള്ള ഒരു പരിപാടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് ചെയർമാൻ സമിതിയെ അറിയിച്ചു.

വന്യമൃഗ സംരക്ഷണ പ്രദേശങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് പുതിയ വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്നും ഇത്തരത്തിലുള്ള 23 സംരക്ഷിത മേഖലകൾ നിലവിലുണ്ടെന്നും ഫോറസ്റ്റ് ആന്റ് വൈൽഡ് ലൈഫ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കണ്ടൽക്കാടുകൾ നശിപ്പിക്കുന്നവർക്കെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിന് മറ്റു സംസ്ഥാനങ്ങളിൽ നിയമമുണ്ടെന്നും നമ്മുടെ സംസ്ഥാനത്തും അത്തരം നിയമം ആവശ്യമാണെന്നും അതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

'ഫോറസ്റ്റ് ടൂറിസം' ഡെവലപ്പ് ചെയ്യുന്നതിനായി കേന്ദ്രഗവൺമെന്റിൽ നിന്ന് ഫണ്ട് ആവശ്യപ്പെടണമെന്നും വന്യജീവികൾക്ക് തടസ്സമുണ്ടാകാതെ ടൂറിസ്റ്റുകൾക്ക് ആസ്വദിക്കാൻ പറ്റുന്ന സ്ഥലങ്ങൾ ഫോറസ്റ്റിന്റെ ഔട്ടറിൽ കണ്ടുപിടിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ തേക്കടിയിൽ കമ്പ്യൂട്ടറൈസ്ഡ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ഫോറസ്റ്റ് ടൂറിസം എന്ന സങ്കല്പത്തിലൂടെ പ്രകൃതി സ്നേഹം വളർത്തുവാൻ ഉദ്ദേശിക്കുന്നതായും സമിതി വിലയിരുത്തി.

തിരുവനന്തപുരത്തുള്ള ലയൺ സഫാരി പാർക്ക്, ക്രോക്കോഡൈൽ പാർക്ക് എന്നിവയ്ക്ക് ജനശ്രദ്ധ ആകർഷിക്കുന്നതിനായി പബ്ലിസിറ്റി നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും പാലക്കാടുള്ള സ്നേക്ക് പാർക്ക്, നിലമ്പൂരിലെ ടീക്ക് മ്യൂസിയം, തട്ടേക്കാട് പക്ഷി സങ്കേതം, പറമ്പിക്കുളം എന്നിവ ടൂറിസം മാപ്പിൽ ഉൾപ്പെടുത്തണമെന്നും ടൂറിസം വകുപ്പും വനം വകുപ്പും ചേർന്ന് ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെക്കൊണ്ട് നടപടിയെടുപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

കേരളത്തിൽ ഏറ്റവും കൂടുതൽ ആനയും കടുവയുമുള്ള സ്ഥലമായ പച്ചക്കാനവും തേക്കടിയും സന്ദർശിക്കാനെത്തുന്ന വിനോദസഞ്ചാരികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. ആനസവാരിക്കുള്ള സൗകര്യമൊരുക്കുന്നതോടൊപ്പം ആനയുടെ വേസ്റ്റിൽ നിന്ന് ബയോഗ്യാസ്, ബ്രൗൺ പേപ്പർ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു പ്രൊപ്പോസൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ചെയർമാൻ അറിയിച്ചു.

ബയോഡൈവേഴ്സിറ്റി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും എത്ര ശതമാനം ഏരിയ വർദ്ധിച്ചുവെന്നും സമിതി ആരാഞ്ഞതിന് വനം വകുപ്പ് ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും ബയോഡൈവേഴ്സിറ്റി കൺസർവേഷന്റെ ഭാഗമായി മാറുകയാണെന്നും കേരളത്തിലാണ് ഏറ്റവും കൂടുതൽ സംരക്ഷിതമേഖല ഉള്ളതെന്നും സംസ്ഥാനത്തിന്റെ 29%വും സംരക്ഷിത ഏരിയ ആണെന്നും ബയോഡൈവേഴ്സിറ്റി ഏരിയ 3% വർദ്ധിച്ചിട്ടുണ്ടെന്നും വനം-വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ചെറുനെല്ലി എസ്റ്റേറ്റ് ഏറ്റെടുത്തതു സംബന്ധിച്ചും സമിതി ചർച്ച ചെയ്യുകയുണ്ടായി. വനത്തിനകത്തുള്ള ഡാമുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്നതിന് അനുമതി കൊടുത്തിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് നാഷണൽ ബയോഡൈവേഴ്സിറ്റി ബോർഡിന്റെ നിർദ്ദേശമനുസരിച്ച് അഞ്ച് റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുവദിച്ചിട്ടില്ലെന്നും മറ്റുള്ളവയിൽ നിക്ഷേപിക്കുന്നതിന് അനുവാദം കൊടുത്തിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

ടൂറിസ്റ്റുകളുടെ സൗകര്യത്തിനായി പൊൻമുടിയിൽ പഴയ ഗസ്റ്റ് ഹൗസ് മാറ്റി പുതിയത് പണിയുന്നതിനും ഹൗസ് ഓഫ് കൺസൾട്ടൻസി തയ്യാറാക്കിയ മാതൃകയിൽ 22 റൂമുകളുള്ള ഫോർ സ്റ്റാർ കാറ്റഗറിയിലുള്ള ബിൽഡിംഗ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. പ്ലാസ്റ്റിക്ക് റീസൈക്കിൾ ചെയ്യുന്നതിനെക്കുറിച്ച് ചർച്ച ചെയ്ത വേളയിൽ പ്ലാസ്റ്റിക്ക് കുപ്പികൾ ഷ്രെഡിംഗ് മെഷീൻ ഉപയോഗിച്ച്

ഡിസ്പോസ് ചെയ്ത് ഗുരുതരമായ മാലിന്യപ്രശ്നങ്ങൾ ഒഴിവാക്കാൻ സാധിക്കുമെന്നും കോവളത്ത് ഒരു പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ വാങ്ങി വയ്ക്കണമെന്നും സമിതി ആവശ്യപ്പെട്ടു. തടിമില്ലുകളിൽ നിന്ന് പൊടി ഉയരുന്ന പ്രശ്നം ചർച്ച ചെയ്ത അവസരത്തിൽ ഇതു സംബന്ധിച്ച് കരട് നിയമം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വനം വകുപ്പു സെക്രട്ടറി അറിയിച്ചു. ഗുരുവായൂർ ക്ഷേത്രത്തിലെ ആനകൾക്ക് ഷെൽട്ടർ നിർമ്മിക്കുന്നതിന് കേന്ദ്രഗവൺമെന്റ് നൽകിയ അഞ്ച് കോടി രൂപയുടെ പ്രോജക്ട് പൂർത്തിയാക്കിയിട്ടില്ലെന്ന് അഭിപ്രായപ്പെട്ടു. പ്രസ്തുത അഞ്ച് കോടി രൂപ എന്തു ചെയ്തു എന്നത് സംബന്ധിച്ച് ടൂറിസം ഡയറക്ടർ അടിയന്തിരമായി അന്വേഷിച്ച് വിവരം നൽകണമെന്നും സമിതി ആവശ്യപ്പെട്ടു. ഇന്ത്യാ ഗവൺമെന്റിന്റെ ഈ പ്രോജക്ട് ക്യാൻസൽ ചെയ്തുവെന്നും ഇതു സംബന്ധിച്ച് പരിശോധിച്ച് അറിയിക്കുന്നതാണെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ സമിതിക്ക് ഉറപ്പു നൽകി.

ടൂറിസവുമായി ബന്ധപ്പെട്ട് ഡെസ്റ്റിനേഷൻ മാനേജ്മെന്റ്, സപര്യ എന്നീ രണ്ടു കാര്യങ്ങൾ സമിതി ചർച്ച ചെയ്തു. 2008-ൽ രൂപീകരിച്ച ഡെസ്റ്റിനേഷൻ മാനേജ്മെന്റ് പ്രധാനമായും ഡെസ്റ്റിനേഷൻസ് പരിപാലിക്കുന്നതിനും അതിന്റെ മേൽനോട്ടം വഹിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനുംവേണ്ടി ബന്ധപ്പെട്ട എം.എൽ.എ.യുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണെന്നും പഞ്ചായത്ത് പ്രസിഡന്റ് വൈസ് ചെയർമാനും ഡി.റ്റി.പി.സി. സെക്രട്ടറി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ഗ്രാമ പഞ്ചായത്ത് മെമ്പർ, ഡി. റ്റി. പി. സി. മെമ്പേഴ്സ് തുടങ്ങിയവർ അംഗങ്ങളാണെന്നും കൂടാതെ ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ, പി.ഡബ്ല്യു.ഡി. (റോഡ്സ് ആന്റ് ബിൽഡിംഗ്സ്) വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ വകുപ്പുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, കുടുംബശ്രീയുടെ പ്രതിനിധികൾ, ടൂറിസം മേഖലയിലെ അഞ്ചു നോമിനികൾ, ഗവൺമെന്റിന്റെ മൂന്നു നോമിനികൾ എന്നിവരും ഉൾപ്പെട്ടതാണ് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, തൃശ്ശൂർ, കാസറഗോഡ് എന്നിവിടങ്ങളിലായി ആകെ 43 ഡെസ്റ്റിനേഷൻ മാനേജ്മെന്റുകൾ രൂപീകരിച്ചിട്ടുണ്ട് എന്നീ വിവരങ്ങൾ ടൂറിസം ഡയക്ടർ സമിതിയെ അറിയിച്ചു.

സപര്യയുമായി ബന്ധപ്പെടുത്തി നാലു പൈലറ്റ് പ്രോജക്ടുകളാണ് ഐഡന്റിഫൈ ചെയ്തിരിക്കുന്നത്. പത്തനംതിട്ട, കോട്ടയം, കണ്ണൂർ, കാസറഗോഡ് എന്നിവിടങ്ങളിലാണ് പൈലറ്റ് പ്രോജക്ടുകൾ ചെയ്യുന്നത്. ടൂറിസവുമായി ബന്ധമില്ലാത്ത പഞ്ചായത്തുകൾക്ക് ആ ഇനത്തിൽ ഫണ്ട് കൊടുക്കാൻ പാടില്ലെന്നും മൂന്നാറിൽ 10 ഏക്കർ സ്ഥലം എടുത്ത് ഒരു ബൊട്ടാണിക്കൽ ഗാർഡൻ ഉണ്ടാക്കണമെന്നും കൂടാതെ വാഗമണ്ണിൽ ഒരു ഓർക്കിഡ് പൂന്തോട്ടം പാക്കേജിൽ ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു. ശബരിമലയുമായി ബന്ധപ്പെട്ട് തീർത്ഥാടകരുടെ വിശ്രമ കേന്ദ്രത്തിനുവേണ്ടിയുള്ള പ്രോജക്ട് സംബന്ധിച്ച നടപടി ഏതു ഘട്ടത്തിലാണെന്നതുസംബന്ധിച്ചും വർക്കലയിലെ ടൂറിസം സാദ്ധ്യതകൾ എങ്ങനെ ഇല്ലാതായി എന്നത് സംബന്ധിച്ചും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു. വർക്കലയിലും ആലപ്പുഴയിലും ടൂറിസ്റ്റ്

ഗൈഡുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്നും അംഗീകാരമുള്ള ഗൈഡുകളുടെ വിശദവിവരങ്ങൾ എഴുതി പ്രദർശിപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു. കൂടാതെ ഹോട്ടൽ മുറികൾ, ഹോംസ്റ്റേകൾ എന്നിവയുടെ നിരക്ക് എഴുതി പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. കോവളത്ത് നായശല്യം നിയന്ത്രിക്കുന്നതിനും യാചകർ, സ്ട്രീറ്റ് വെൻഡേഴ്സ് എന്നിവയെ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ആവശ്യമില്ലാതെ പലയിടത്തും പ്രോജക്ടുകൾക്കായി പണം ചെലവിടുന്നതിനേക്കാൾ ഉള്ള പ്രോജക്ടുകൾ നന്നായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ബേക്കലിൽ തൂണിനുമുകളിൽ റിസോർട്ട് ചെയ്യുന്നതുപോലെ വനത്തിനുള്ളിലും ചെയ്യാൻ സാധിക്കുമോയെന്നത് സംബന്ധിച്ച് സ്ഥലം സന്ദർശിച്ച് തീരുമാനിക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടു. വനം വകുപ്പുമന്ത്രിമാരുടെ നിഷേധാത്മകമായ തീരുമാനം 2006-2007 മുതലുള്ള പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയാതെ പോയതിന്റെ സാഹചര്യം യോഗം പരാമർശിച്ചു. ഡാമുകളിൽ നിന്ന് മീൻ പിടിക്കാൻ ആദിവാസികൾക്ക് അനുവാദം കൊടുത്തിട്ടുണ്ടെന്നും ആദിവാസികളില്ലാത്ത സ്ഥലങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ അനുവദിക്കാമെന്നും സമിതി ഉറപ്പുനൽകി.

വൈകുന്നേരം 4.30-ന് സമിതി യോഗം പിരിഞ്ഞു.